# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM.16/2642/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 21/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM.16/2642/2023 തീയ്യതി: 21/12/2023

## മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-03-2023 മുതൽ 05-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 14-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 14-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ. പി,ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഫാറൂഖ്.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അനീത് ബാബു.കെ.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സുജിത പി.കെ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മിസ്രിയ സൈഫുദ്ദീൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. എസ്. പരമേശ്വരൻ നമ്പൂതിരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 24-04-2022 |
| ശ്രീ. മനോജ് എസ് | സെക്രട്ടറി | 25-04-2022 | 12-07-2022 |
| ശ്രീ. എസ്. പരമേശ്വരൻ നമ്പൂതിരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2022 | 25-10-2022 |
| ശ്രീ. സുധൻ കെ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2022 | 30-11-2022 |
| ശ്രീ. മനോജ് എസ് | സെക്രട്ടറി | 01-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എസ്. പരമേശ്വരൻ നമ്പൂതിരി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| ശ്രീ. സുധൻ കെ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |
| ഡോ. ജസീല. സി. എച്ച്. | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. ഷബാനാ ഷംസ്. എൻ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 28-06-2022 |
| ഡോ. സിൻസി. കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 29-06-2022 | 31-08-2022 |
| ഡോ. ഷബാനാ ഷംസ്. എൻ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-09-2022 | 31-03-2023 |
| ശ്രീ. രജീഷ്. പി. എം. | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ഡോ. അജിത്കുമാർ. വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി. ജയശ്രീ. കെ. എ. | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഫാത്തിമ ഷംന. കെ. വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ജയദേവൻ. പി. എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. നസീറ. എ. പി. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷിഫ എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 09-01-2023 |
| ശ്രീമതി. അനീഷ കെ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-01-2023 | 31-03-2023 |
| ശ്രീമതി. വൃന്ദ. കെ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. അംജദ്. കെ. പി. ഒ. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല. | 1-1-3 |
| 5 | വാർഷിക കണക്ക്, എ.സി.ആർ എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ക്രെഡിറ്റ് ബാലൻസ് ആയി രേഖപ്പെടുത്തി. | 1-1-5 |
| 7 | സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കുടിശ്ശിക വരവ് Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-7 |
| 9 | തുക ക്രമീകരിച്ചിട്ടില്ല | 1-1-8 |
| 10 | കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-9 |
| 11 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി കണക്കിലെടുത്തിട്ടില്ല. | 1-1-10 |
| 12 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല | 1-1-11 |
| 13 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-12 |
| 14 | രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-14 |
| 16 | കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല. | 1-1-15 |
| 17 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയില്ല | 1-1-17 |
| 19 | ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-18 |
| 20 | തൊഴിൽ രഹിത വേതനം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | ക്ഷേമപദ്ധതികൾ | 1-7 |
| 27 | ക്യാഷ് പരിശോധന | 1-8 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-11 |
| 31 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 32 | കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു | 1-13 |
| 33 | വാട്ടർ ഫിൽറ്റർ സ്ഥാപിക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-14 |
| 34 | എസ്.എസ്.കെ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക ₹ 9,57,304/- തടസ്സം ചെയ്യുന്നു. | 1-15 |
| 35 | തുടർ സാക്ഷരത പദ്ധതി -ചെലവ് /വിനിയോഗ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് തുക ₹1,14,000/- തടസ്സം ചെയ്യുന്നു. | 1-16 |
| 36 | പരിരക്ഷ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-17 |

| | | |
|---|---|---|
| 37 | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ–മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല | 1-18 |
| 38 | വാഹന വാടക -കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. | 1-19 |
| 39 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ -മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-20 |
| 40 | പട്ടിക ജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 41 | അംഗൻവാടികൾക്ക് വാട്ടർ ഫിൽറ്റർ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 42 | വിവിധ അങ്കണവാടികളിൽ അറ്റകുറ്റപണി - ഷീറ്റ് റൂഫിംഗ് - തെറ്റായ നിരക്ക് നൽകി–കരാറുകാരന് അധികം നൽകിയത് 2193 രൂപ | 1-23 |
| 43 | മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല – നഷ്ടം 19719 രൂപ | 1-24 |
| 44 | പൊതുകിണറുകൾ റിപ്പയർ പ്രവൃത്തി- അപാകത-കരാറുകാരന് അധികം നൽകിയത് 98,760 രൂപ | 1-25 |
| 45 | ഫോം വർക്ക് (സെൻട്രിംഗ് & ഷെട്ടറിംഗ്) ചെയ്യാതെ കോൺക്രീറ്റ് ചെയ്തു -കരാറുകാർക്ക് അധികം നൽകിയത് 80,396 രൂപ | 1-26 |
| 46 | PHC കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മാണം - കരാറുകാരന് അധികം നൽകിയത് 2619 രൂപ. | 1-27 |
| 47 | ഗ്രാമ പഞ്ചായത്ത് ജീവനക്കാർക്ക് നൽകിയ ഉത്സവ മുൻകൂർ തിരിച്ചടച്ചിട്ടില്ല | 1-28 |
| 48 | വാട്ടർ എ.ടി.എം : പദ്ധതി- വരവ് തുക - രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-29 |
| 49 | ലൈഫ് ഭവനം നിർമാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-30 |
| 50 | ദുരിതാശ്വാസ നിധി - രേഖകളും രജിസ്ററുകളും പരിശോധനക്ക് ഹാജരാക്കിയില്ല | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പൊതുകിണറുകൾ റിപ്പയർ പ്രവൃത്തി- അപാകത-കരാറുകാരന് അധികം നൽകിയത് 98,760 രൂപ | 3-1 |
| 2 | ഫോം വർക്ക് (സെൻട്രിംഗ് & ഷെട്ടറിംഗ്) ചെയ്യാതെ കോൺക്രീറ്റ് ചെയ്തു -കരാറുകാർക്ക് അധികം നൽകിയത് 80,396 രൂപ | 3-2 |
| 3 | അംഗൻവാടികൾക്ക് വാട്ടർ ഫിൽറ്റർ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1/29.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നന്നമുക്ക് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നന്നമുക്ക് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം
തീയതി : 21-12-2023

### 1-1-1 എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 13524519/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 13880055/-രൂപയുമാണ്. എന്നാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും RP-40(a),Rp-40(b) എന്നീ ഷെഡ്യൂളുകളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-4 വാർഷിക കണക്ക്, എ.സി.ആർ എന്നിവ പൊരുത്തപ്പെടുന്നില്ല.

വിവിധയിനം ഫണ്ട് വിനിയോഗം സംബന്ധിച്ച എ.സി.ആർ ലെ വിവരങ്ങൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ACR | AFS |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 19327313 | 18643913 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 4147016 | 3054413 |

### 1-1-5 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് ക്രെഡിറ്റ് ബാലൻസ് ആയി രേഖപ്പെടുത്തി.

വാർഷിക കണക്കിലെ RP- 40(b) പ്രകാരം SBI(5700668648)- -449573 രൂപയും Indian Bank (Padna Likhna Abhiyan)-(7166196753)- -29154രൂപയുമാണ് ബാലൻസ്. ക്രഡിറ്റ് ബാലൻസിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-1-6 സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|---|
| | | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് |
| സഞ്ചയ ഡി.സി.ബി | പാർപ്പിടം | 148293 | 2517968 | 129975 | 2436190+*10203= 2446393 | 18674 | 87048 |
| | പാർപ്പിടേതരം | 45201 | 2567054 | 42248 | 2443026+*14319= 2457345 | 7560 | 133566 |
| വാർഷിക കണക്ക് | പാർപ്പിടം | 159490 | 2517968 | 129662 | 2420731+*10203= 2430934 | 19682 | 91543 |
| | പാർപ്പിടേതരം | 68858 | 2567054 | 37816 | 2419173+*14319= 2433492 | 7769 | 140287 |
| * ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക | | | | | | | |

### 1-1-7 കുടിശ്ശിക വരവ് Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു.

RP-45 (Sundry Debtors - Receivable) പ്രകാരം Receivables For Profession Tax- Institutions (Arrears) 2450/- രൂപ Minus Figure ആയി രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-8 തുക ക്രമീകരിച്ചിട്ടില്ല

1.തനത് ഫണ്ട് സൂക്ഷിക്കുന്ന SBI (A/C 57006636946) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2021 മുതൽ Directly Debited By Bank ആയി ആയി ചേർത്ത 331503/- നാളിതു വരെയായിട്ടും ക്രമീകരിച്ചിട്ടില്ല.

2. Cash Or Cheque Withdrawal ഇനത്തിൽ 657406 /- രൂപയും Cash Or Cheque Deposited ഇനത്തിൽ 1185358/- രൂപയും ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ഇവ ഏതിനത്തിലുള്ള തുകകളാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-9 കാലഹരണപ്പെട്ട ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

തനത് ഫണ്ട് സൂക്ഷിക്കുന്ന SBI (A/C 57006636946) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപനം ഇഷ്യൂ ചെയ്ത 3 മാസത്തിൽ കൂടുതലായ ചെക്കുകൾ **(30.11.2020 മുതൽ ഉള്ള ചെക്കുകൾ 1137766/- രൂപ )** Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-1-10 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി കണക്കിലെടുത്തിട്ടില്ല.

തനത് ഫണ്ട് സൂക്ഷിക്കുന്ന SBI (A/C 57006636946) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 07.01.2021 മുതൽ ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുകകൾ **(4063829/-)** സ്ഥാപനത്തിന്റെതാണെന്ന് ഉറപ്പുവരുത്തി രസീതി നൽകി കണക്കിലെടുത്തിട്ടില്ല.

## 1-1-11 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല

തനത് ഫണ്ട് സൂക്ഷിക്കുന്ന SBI (A/C 57006636946) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് ഇനത്തിൽ 31.03.2021 മുതലുള്ള 64342/- രൂപ കാണുന്നു. നാളിതുവരെയായിട്ടും അക്കൗണ്ടിൽ ക്രെഡിറ്റ് ആയില്ല.

## 1-1-12 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1.വാർഷിക കണക്കുപ്രകാരം (ഷെഡ്യൂൾ RP-10) ഓഡിറ്റ് റിക്കവറി ഇനത്തിൽ 34006/- രൂപയുടെ വരവുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. Loan From KURDFC ഇനത്തിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം 31629429/- രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-13 രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1.ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കിലെ (ഷെഡ്യൂൾ B-7) തുകകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല

2.അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കിലെ (ഷെഡ്യൂൾ B-18) തുകകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല

3. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ 76000/- രൂപ തിരിച്ചടക്കാനുണ്ട്. എന്നാൽ വാർഷിക കണക്ക പ്രകാരം 44000/- രൂപ തിരിച്ചടക്കാനുള്ളത്.

## 1-1-14 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-15 കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-16 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

AFS ഷെഡ്യൂൾ B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുക ഷെഡ്യൂൾ B-17 ൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

| ഇനം | ഷെഡ്യൂൾ B-4 പ്രകാരം | ഷെഡ്യൂൾ B-17 പ്രകാരം |
|---|---|---|
| TSC | 212973 | 362570 |
| CFC | 8408486 (TIED + UNTIED) | 5057111 |

## 1-1-17 ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കിയില്ല

താഴെപ്പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് , റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | അക്കൗണ്ട് | RP 40(b) പ്രകാരം നീക്കിയിരിപ്പ് | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പാസ്ബുക്ക് ബാലൻസ് | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | HDFC-CFLTC (50100365635766) | 5348 | 5348 | ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല |
| 2 | KGB – TSC (40169100114144) | 362570 | 362570 | ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല |
| 3 | Federal Bank -CFC PFMS -(15560100132527) | 5057111 | 5584770 | ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല |
| 4 | SBI (5700668648) | - 449573 | | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റും ബാങ്ക് സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ല |
| 5 | INDIAN BANK (7166196753) | -29154 | | റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റും ബാങ്ക് സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ല |

### 1-1-18 ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഗുണഭോക്തൃ വിഹിതമിനത്തിൽ 2022-23 വർഷത്തിൽ 18310/- രൂപ മാത്രമാണ് ചെലവഴിക്കാൻ അവശേഷിക്കുന്നത് . എന്നാൽ വാർഷിക കണക്ക് പ്രകാരം (ഷെഡ്യൂൾ B-4) 452729.50 രൂപയാണ് ചെലഴിക്കാനുള്ളത്.

### 1-1-19 തൊഴിൽ രഹിത വേതനം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

തൊഴിൽ രഹിത വേതനമിനത്തിൽ 7200/-രൂപ ചെലവുണ്ടെങ്കിലും വാർഷിക കണക്കിൽ (ഷെഡ്യൂൾ 1-14d) ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1/17.03.2022 | 2(1)/17.02.2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 14998205.50 |
| വരവ് | 176639833 |
| ആകെ | 191638038.5 |
| ചെലവ് | 162759778 |

| | |
|---|---|
| നീക്കിയിരിപ്പ് | 28878260.5 |

കുറിപ്പ് :- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ വരവ് ചെലവ് തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17368755 | 17368755 | 16648068 | 720687 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 6018474 | 6018474 | 6018474 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 10415000 | 10415000 | 4147016 | 6267984 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4854000 | 4854000 | 4164585 | 689415 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6566556 | 6566556 | 4573287 | 1993269 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3338955 | 3338955 | 3382044 | -43089 |
| ബി ഫണ്ട് | 0 | 49379600 | 49379600 | 49379600 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 166209999 | 119 | 78528477 | 0 | 46 | 72.12% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 565089 | 807163 | 1372252 | 1372252 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 21209699 | 21209699 | 21209699 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 7200 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 2592400 | 142 |
| വിധവാപെൻഷൻ | 14607100 | 774 |
| വാർദ്ധക്യകാലപെൻഷൻ | 27220000 | 1484 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 4169800 | 222 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 700300 | 37 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2023 ന് 03.15 PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16260/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3.രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. തെരുവു വിളക്ക് റിപ്പയർ രജിസ്റ്റർ,തെരുവു വിളക്ക് പരാതി രജിസ്റ്റർ, പൊതു വാട്ടർ ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.
4. ഔദ്യോഗിക വാഹനം, ഹരിത കർമസേനയുടെ വാഹനം എന്നിവയുടെ ലോഗ്ബുക്ക്, ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ,ഇന്ധനത്തിന്റേയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ, എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.03.2023 | 4/2021 മുതൽ 03/2022 വരെ | 31-03-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-08-2017 | 2012-13 മുതൽ 2016-17 വരെ | ലഭ്യമല്ല |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി നന്നംമുക്ക് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഓഡിറ്റ് വർഷത്തിൽ 14 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കൽ, ബജറ്റ് ഭേദഗതി അംഗീകാരം, നികുതികുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതിവരുമാനത്തിന്റെ ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

**ബജറ്റ്**

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ് . 2022-23വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 7000000 | 4839904 | 2160096 |
| Profession Tax | 1800000 | 874840 | 925160 |
| Licence Fees | 180000 | 131100 | 48900 |
| Building Permit | 420000 | 263668 | 156332 |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെ ആണെന്ന് വ്യക്തമാക്കുന്നതാണ്.

**വസ്തുനികുതി**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നന്നംമുക്ക് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക

നോട്ടീസ്) 20.04.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 1/1 നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിരുന്നു.

3. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് വിധേയമായി കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 31.05.23 ലെ 15/1 ഭരണസമിതി തീരുമാനപ്രകാരമാണ് അന്തിമമാക്കിയിട്ടുള്ളത്.

4. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. നന്നംമുക്ക് ഗ്രാമപഞ്ചായത്തിൽ 5 മീറ്ററിൽ അധികം വീതി വരുന്ന റോഡുകളുടെ ഇരുവശവും 100 മീറ്റർ വീതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ പ്രാഥമിക മേഖലയും 3 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡുകളുടെ ഇരുവശവും 100 മീറ്റർ വീതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ദ്വിതീയ മേഖലയും ദ്വിതീയ മേഖലയിൽ ഉൾപ്പെടാത്ത ഗ്രാമപഞ്ചായത്തിലെ മുഴവൻ സ്ഥലങ്ങളും ത്രിതീയ മേഖലയുമായി തരം തിരിച്ചിട്ടുണ്ട്.

5. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203(7)(ii) പ്രകാരം ചുമത്തപ്പെട്ട അടിസ്ഥാന വസ്തുനികുതിയിൻമേൽ വിവിധ റോഡുകളിൽ നിന്നും പ്രവേശനമാർഗ്ഗം അടിസ്ഥാനമാക്കി വർദ്ധനവും ഇളവുകളും അനുവദിക്കാവുന്നതാണ്. അപ്രകാരം നന്നംമുക്ക് ഗ്രാമപഞ്ചായത്തിൽ 5 മീറ്ററിൽ അധികം വീതിയുള്ളതും 3 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ളതും 3 മീറ്ററിൽ കുറവുള്ളതുമായ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളുടെ പട്ടികയും അന്തിമമായി അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളിൽ അവയുടെ വീതിയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയത്തിന് ബാധകമാകുന്നതാണ് എന്നും തീരുമാനിച്ചിട്ടുണ്ട്.

6. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതു വരെ ആരംഭിച്ചിട്ടില്ല. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഇതു വരെ അപേക്ഷ ക്ഷണിച്ചിട്ടില്ല.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |

| | |
|---|---|
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

നന്നംമുക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. നന്നംമുക്ക് ഗ്രാമപഞ്ചായത്തിൽ മുൻവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കി വരുന്നത്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.
പഞ്ചായത്ത് പരിധിയിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ലൈസൻസ് ഫീസ്**

1.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല.

2.പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ലപുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നില്ല. അതു കൊണ്ടു ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു തന്നെയാണോ പ്രവൃത്തിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്

മറ്റിനങ്ങൾ

1. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. പഞ്ചായത്തിലെ കാലഹരണപ്പെട്ട ആസ്തികൾ, പാഴ്വസ്തുക്കൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ നന്നംമുക്ക് ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന (1) | പ്രൊജക്റ്റ് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യ പത്രം/ മൂല്യ നിർണ്ണയം പ്രകാരം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | ഇടമലപ്പടി വാട്ടർ സപ്ലൈ | 2012-13 | കേരള വാട്ടർ അതോറിട്ടി | ബിൽ നമ്പർ : 42/30.03.2013 977500 | ലഭ്യമല്ല | ഇല്ല. | 977500 |
| 2 | കാഞ്ഞിയൂര് കുടിവെള്ള പദ്ധതി പുനരുദ്ധാരണം (എസ് ഒ 187/18) | 2017-18 | കേരള വാട്ടർ അതോറിറ്റി | 2,52,000/ TRF-1715125200 2200608652 | ലഭ്യമല്ല | ഇല്ല. | 2,52,000 |
| 3 | രണ്ടാം വാർഡിലെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ (എസ് ഒ 140/18) | 2017-18 | കേരള വാട്ടർ അതോറിറ്റി | 1,00,000/- TRF-1715125200 2200608650 | ലഭ്യമല്ല | ഇല്ല. | 1,00,000 |
| 4 | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ (എസ് ഒ 186/18) | 2017-18 | കെ എസ് ഇ ബി | 99,168/- TRF-17151252002 200628980 | ലഭ്യമല്ല | ഇല്ല. | 99,168 |
| 5 | സ്ട്രീറ്റ് മെയിൻ SO 75 | 2018-19 | കെ എസ് ഇ ബി | 999920/- Trn 18151252002200363654 23.07.2018 | ലഭ്യമല്ല | ഇല്ല. | 999920 |
| 6 | ചെറുനെല്ലി ലൈൻ നീട്ടൽ SO 193 | 2018-19 | കെ എസ് ഇ ബി | 71263/-Vr.NO. 21800783 DTD.17.1.2019 CHEQUE | ലഭ്യമല്ല | ഇല്ല. | 71263 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | NO.2672936 | | | |
| 7 | അംഗൻവാടി നിർമ്മാണം SO 84, 185 | 2018-19 | എം ജി എൻ ആർ ജി എസ് | 330000/-<br>1)18151252002200859567-270000<br>2)18151252002201441460-60000 | ലഭ്യമല്ല | ഇല്ല. | 330000 |
| 8 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിവെക്കൽ | 2018-19 | കെ എസ് ഇ ബി | 1,03,558 /-വൗച്ചർ-21800139/31.5.18 9962 രൂപ<br>വൗച്ചർ- 21800308/31.7.18 42812 രൂപ<br>വൗച്ചർ- 21800309/31.7.18 21115 രൂപ<br>വൗച്ചർ- 21800709/ 27.12.18 17085 രൂപ<br>വൗച്ചർ- 21800781/ 17.1.19 6051 രൂപ<br>ചെക്ക്- 2672350/ 7.6.18 6533 രൂപ<br>ആകെ 1,03,558 രൂപ. | ലഭ്യമല്ല | ഇല്ല. | 1,03,558 |
| 9 | പ്രോജക്ട് നം. 129/20 വിവിധവാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 2019-20 | വാട്ടർ അതോറിറ്റി | 100000/-<br>21900709/ 01.06.2019 | ലഭ്യമല്ല | ഇല്ല. | 100000 |
| 10 | 166/21-പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2020-21 | വാട്ടർ അതോറിറ്റി | 370000/-<br>2200130190/1 1.04.2020-280000/-2200130189/ 11.04.2020-90000 | ലഭ്യമല്ല | ഇല്ല. | 370000 |

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് ഉകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 01/06.11.23) മറുപടി സമർപ്പിക്കുകയോ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.
മേൽ പറഞ്ഞ ഡെപ്പോസിറ്റ് ഉകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കാതെ വ്യാപാര ലൈസൻസ് അനുവദിച്ചു

2022-23 ലെ ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ , ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യങ്ങൾക്കുള്ളതായി കാണുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ | കെട്ടിട നമ്പർ | ലൈസൻസ് സ്ഥാപനം | അനുവദിക്കപ്പെട്ട | സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമ, തരം |
|---|---|---|---|---|

| | | | |
|---|---|---|---|
| 304 | 13/255 | ജിബിൻ ട്രേഡേഴ്സ് (അടയ്ക്ക,കുരുമുളക് എന്നിവ സ്റ്റോക്ക് ചെയ്ത് വിൽപന നടത്തുന്നതിന് ) | ഉണ്ണി പി, പറുപറമ്പിൽ പാർപ്പിടാവശ്യം |
| 433 | 13/18 | ഗ്രീൻ ഫാർമ (മരുന്ന് വിൽപന) | ഫാത്തിമ, തുറയിൽ പാർപ്പിടാവശ്യം |

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ വിനിയോഗക്രമം കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ ഉപയോഗത്തിനനുസരിച്ച് വസ്തു നികുതി പുനർനിർണ്ണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വാട്ടർ ഫിൽറ്റർ സ്ഥാപിക്കൽ -പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രോജക്ട് നമ്പർ- 158/23 വാട്ടർ ഫിൽറ്റർ സ്ഥാപിക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ് മിസ്ട്രസ്(ജി.എൽ.പി.എസ്. വടക്കുമുറി)

അടങ്കൽ-1,75,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നമ്പർ- XVFC/202223/P/28/25.02.23- ₹1,06,672/-

മേൽ പ്രോജക്ട് പ്രകാരം ടെണ്ടർ നടപടിക്രമത്തിലൂടെ നന്നംമുക്ക് ഗ്രാമ പഞ്ചായത്തിലെ സർക്കാർ സ്കൂളുകളിലേക്ക് വാട്ടർ ഫിൽറ്റർ വാങ്ങുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണം നടത്തിയതിൽ ചുവടെ കൊടുക്കുന്ന അപാകത കാണുന്നു.

ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് വോഡോ ഫിൽട്ടേഴ്സ് , മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 1,06,672/-രൂപയ്ക്ക് വാട്ടർ ഫിൽറ്ററുകൾ(8 എണ്ണം) വാങ്ങിയിട്ടുള്ളത്.( ഇൻവോയ്സ് നമ്പർ 1166/12.02.2023 ₹1,06,672/-)

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 14/10.11.2023) ലഭ്യമാക്കിയ മറുപടിയിൽ GeM രജിസ്ട്രേഷൻ ഇല്ലാത്തതിനാലും ഐ.ഡി. രൂപീകരിച്ച് പർച്ചേസ് നടപടികളിലേക്ക് പോകുമ്പോൾ കാലതാമസം നേരിടും എന്നത് കൊണ്ടുമാണ് അപാകത സംഭവിച്ചത് എന്നും വരും വർഷങ്ങളിൽ ഇത്തരം അപാകതകൾ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചു. വാങ്ങൽ നടപടിക്രമങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കേണ്ടതാണ്.

## 1-15 എസ്.എസ്.കെ വിഹിതം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക ₹ 9,57,304/- തടസ്സം ചെയ്യുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ് മിസ്ട്രസ്(ജി.എൽ.പി.എസ്. വടക്കുമുറി)

1)പ്രൊജക്ട് : S0079/2023 എസ്.എസ്.കെ വിഹിതം

അടങ്കൽ - 5,54,327 (വികസന ഫണ്ട് )

BRN: 2215125203760055381 9/19-09-2022 : 5,54,327/-

2)പ്രൊജക്ട് : S00177/2023 എസ്.എസ്.കെ വിഹിതം പട്ടിക ജാതി

അടങ്കൽ - 4,02,977/-(വികസന ഫണ്ട് SCP)

BRN: 221512520376005538 20/19-09-2022 : 4,02,977/-

ഹെഡ് മിസ്ട്രസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾ പ്രകാരം 9,57,304 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം . തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 9,57,304 രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല. (പ്രൊജക്ട് ഫയലിലുള്ള 20.06.2023 ലെ എ-1646/23 /എസ്.എസ്.കെ നമ്പറിലുള്ള വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗ രേഖ അനുശാസിക്കും പ്രകാരമുള്ളതല്ല).

മേൽ അപാകതകൾക്ക് മറുപടി/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നമ്പർ 13/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മറുപടി/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക ₹ 9,57,304/- തടസ്സം ചെയ്യുന്നു.

## 1-16 തുടർ സാക്ഷരത പദ്ധതി -ചെലവ് /വിനിയോഗ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് തുക ₹1,14,000/- തടസ്സം ചെയ്യുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- ഹെഡ് മിസ്ട്രസ്(ജി.എൽ.പി.എസ്. വടക്കുമുറി)

പ്രൊജക്ട് : S0081/2023 തുടർ സാക്ഷരത പദ്ധതി

അടങ്കൽ - 2,00000/- (തനത് ഫണ്ട് )

ചെലവ്- 1,14,000/-

വൗച്ചർ നമ്പർ 22200956/16-02-2023 : 1,14,000/-

ഹെഡ് മിസ്ട്രസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ജില്ലാ സാക്ഷരതാ മിഷന്റെ 29.12.2022 ലെ ഡി1/ജി.എ-25/ഡി.എൽ.എം/22 കത്തിലെ നിർദ്ദേശ പ്രകാരം 18വിദ്യാർത്ഥികൾക്ക് പത്താം തരം തുല്ല്യതയ്ക്ക് കോഴ്സ് ഫീസിനത്തിൽ 1850 രൂപ നിരക്കിലും(18*1850=33300/-) , 27വിദ്യാർത്ഥികൾക്ക് പ്ലസ് വൺ തുല്ല്യതയ്ക്ക് കോഴ്സ് ഫീസിനത്തിൽ 2500രൂപ നിരക്കിലും(27*2500=67,500/-) , 6വിദ്യാർത്ഥികൾക്ക് പ്ലസ് ടു തുല്ല്യതയ്ക്ക് കോഴ്സ് ഫീസിനത്തിൽ 2200 രൂപ നിരക്കിലും(6*2200=13,200/-) ആകെ 11,4,000/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ തുക കൈപ്പറ്റിയതിന്റെ രസീതി/വിനിയോഗ സാക്ഷ്യപത്രം, ഓരോ വിദ്യാർത്ഥിയും തുല്യതാ പരീക്ഷയ്ക്ക് രജിസ്ററർ ചെയ്തതിന്റെ രേഖകൾ, പഠനം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

ചെലവ് രേഖകൾ/ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നമ്പർ 11/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മറുപടി/ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1,14,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-17 പരിരക്ഷ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം.,പേര് – 22/23 പരിരക്ഷ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 915626/-( 726076 വികസന ഫണ്ട്.പൊതു വിഭാഗം., 189550- തനത് ഫണ്ട് .)

ആകെ ചെലവ്- 898120/- ( 720878 വികസന ഫണ്ട്.പൊതു വിഭാഗം., 177242- തനത് ഫണ്ട് )

ബിൽ നമ്പർ .22151252036800658827/17.10.2022 -4,00000/-

22151252036801514582/28.03.2023 -23233/-

(ചെലവ് തുകയിൽ ബാക്കിയുള്ള തുക പരിരക്ഷ നഴ്സ് വേതനം, വാഹന വാടക, ഭക്ഷണം എന്നിവ നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്.)

07.03.2019 ലെ സ.ഉ.(സാധാ) നം.553/2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റ് നിർവ്വഹണം നടത്തിയപ്പോൾ മാർഗ്ഗരേഖയിലെ ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1.)മേൽ ഉത്തരവ് ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ അപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2.) മേൽ ഉത്തരവ് ഖണ്ഡിക 2.9 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിലും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി,എം.സി.ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരിക്കുന്നു. 2022-23 വർഷത്തിൽ 21.12.2022 തീയതിയിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്.

3.)ഈ പദ്ധതിയുടെ ഭാഗമായി പരിരക്ഷാ കിടപ്പുരോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (പ്രഫോർമ ഇൻവോയ്സ് 1216/31.08.2022 ₹4,00000/-, പ്രഫോർമ ഇൻവോയ്സ് 524/24.03.2023-₹ 23233/-) തുക മുൻകൂർ നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയായിട്ടും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. പദ്ധതിയിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രഫോർമ ഇൻവോയ്സ് | ഇൻവോയിസ് നം./ തീയ്യതി | തുക |
|---|---|---|
| PRF1216/31.08.2022 ₹/- 4,00000/- | 9625/17.06.2023 | 11987 |
| | 11142/30.06.23 | 42035 |
| | 12074/08.07.23 | 22926 |
| | 15713/11.08.23 | 27026 |
| | 16036/16.08.23 | 1044 |
| | 19395/12.10.23 | 1171 |
| | 19174/7.10.23 | 14385 |
| | 19802/23.10.23 | 6732 |
| | 14922/01.08.23 | 75264 |
| | 19498/17.10.23 | 2530 |
| | ആകെ | 205100/- (അവശേഷിക്കിന്ന തുക 1,94,900) |
| PRF524/24.03.2023-₹ 23233/-) | ലഭ്യമായിട്ടില്ല | (അവശേഷിക്കുന്ന തുക 23233/-) |
| | മൊത്തം | 205100/-(അവശേഷിക്കുന്ന തുക -218133/-) |

218133/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും മറ്റു അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 9/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം. 26/23 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

അടങ്കൽ - 5,00,000/-( മെയിന്റനൻസ് ഫണ്ട് റോഡിതരം.)

ആകെ ചെലവ്- 5,00,000/-( മെയിന്റനൻസ് ഫണ്ട് റോഡിതരം )

ബിൽ നമ്പർ .22151252036800658829/17.10.2022 -5,00,000/-

ഈ പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് (പ്രഫോർമ ഇൻവോയ്സ് 1215/31.08.2022 ₹5,00,000/-) തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. പദ്ധതിയിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഇൻവോയിസ് നം./ തീയ്യതി | തുക |
|---|---|
| 9617/17.6.23 | 149402 |
| 12070/08.7.23 | 31192 |
| 15722/11.08.23 | 27552 |
| 18271/20.09.23 | 1568 |
| 18693/27.09.23 | 10804 |
| 19399/12.10.23 | 15008 |
| ആകെ | 235526/- (അവശേഷിക്കുന്ന തുക -264474) |

264474/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 7/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 വാഹന വാടക -കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ നം.22/23 പരിരക്ഷ പ്രോജക്ടിന്റെ (അടങ്കൽ - 915626/- , ആകെ ചെലവ്- 898120/-, [720878- വികസന ഫണ്ട്-പൊതു വിഭാഗം., 177242- തനത് ഫണ്ട്]) ഭാഗമായി ഗൃഹ സന്ദർശനം നടത്തുന്നതിനായി കരാർ പ്രകാരം ദിവസം 900 രൂപ നിരക്കിൽ വാഹനം വാടകക്ക് എടുത്തിട്ടുണ്ട്. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ആകെ 172800 /- രൂപ കരാറുകാരന് (ശ്രീ.അനിൽ കുമാർ.കെ.പി. KL 21 J 1615)നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000രൂപയിൽ അധികരിക്കുന്നു എങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ബിൽ നം./വൗച്ചർ നം/തീയ്യതി | വാഹന വാടക നൽകിയത് | ഈടാക്കേണ്ട ആദായ നികുതി |
|---|---|---|
| 22151252036800890586/10.12.22 | 13500 | 1728/- |
| 22151252036800734683/04.11.22 | 15300 | |
| 22151252036800624462/10.10.22 | 14400 | |
| 22151252036800548187/17.09.22 | 14400 | |
| 22151252036800143065/27.05.22 | 14400 | |
| 22151252036800160994/02.06.22 | 14400 | |
| 221512520368001379320/03.08.22 | 28800 | |

| | |
|---|---|
| 22200827/19.01.23 | 14400 |
| 22201000/28.02.23 | 14400 |
| 22201094/21.03.23 | 14400 |
| 22201156/31.03.23 | 14400 |
| ആകെ | 172800/- |

മേൽ അപാകതയക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 10/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആദായ നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-20 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ -മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

പ്രോജക്ട് - 16/23 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ- 2,00,000/-(വികസന ഫണ്ട് പൊതു വിഭാഗം)

ബിൽ നമ്പർ 22151252036900674182/20.10.2022- ₹2,00,000/-

പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിയ്ക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയിസ് നം. PF270/14.09.2022 ₹2,00,000/- പ്രകാരം തുക മുൻകൂർ നൽകിയിട്ടുണ്ട്. 02.12.2022 ലെ കരാർ പ്രകാരം 9 മാസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്യുന്നതാണെന്നും ഇല്ലെങ്കിൽ നഷ്ട പരിഹാരം നൽകാൻ HOMCO ബാദ്ധ്യസ്ഥരാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. പദ്ധതിയിൽ ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| **ഇൻവോയിസ് നം./ തീയ്യതി** | തുക |
|---|---|
| LF517/12.7.23 | 74125 |
| LF1529/26.9.23 | 94532 |
| ആകെ | 168657/- (അവശേഷിക്കുന്ന തുക -31343/-) |

ഇനിയും ലഭിക്കാനുള്ള 31343/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിശദാംശങ്ങളും കരാർ ലംഘനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 2/7.11.2023) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് HOMCO യിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 പട്ടിക ജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം. 153/23 പട്ടിക ജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക്

നിർവ്വഹണോദ്യോഗസ്ഥൻ–അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ – 2,32,000/- ( 1,74,000 -ധനകാര്യകമ്മീഷൻ അവാർഡ്, 58000 ഗുണഭോക്തൃ വിഹിതം)

ചെലവ് തുക – 75,920/- (ധനകാര്യകമ്മീഷൻ അവാർഡ്, ഗുണഭോക്തൃ വിഹിതം -ഇല്ല)

വൗച്ചർ നം. – XVFC/2022-23/P/45 /31.03.2023 – ₹ 75,920/-

പട്ടിക ജാതി വിഭാഗക്കാർക്ക് വാട്ടർ ടാങ്ക് വാങ്ങി വിതരണം ചെയ്യുന്നതിനാണ് മേൽ ബിൽ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി പ്രകാരം ടെണ്ടർ നടപടിയിലൂടെ 2920 രൂപ നിരക്കിൽ 26 എണ്ണം വാട്ടർ ടാങ്ക് വാങ്ങി. 26 ഗുണഭോക്താക്കൾക്ക് 75 ശതമാനം സബ്സിഡിയും 25 ശതമാനം ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കിയും ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1) മേൽ പദ്ധതി നടപ്പിലാക്കിയപ്പോൾ 26 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതമായി 730 രൂപ നിരക്കിൽ ആകെ 18,980/- രൂപ വിവിധ രസീതികളിലൂടെ സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. (26*730=18980) എന്നാൽ പദ്ധതി നിർവ്വഹണം നടത്തിയപ്പോൾ ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ മുഴുവൻ തുകയും **ധനകാര്യകമ്മീഷൻ അവാർഡ്** ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.

2)ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാനുലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് BSGST,കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 75,920/-/-രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.( ഇൻവോയ്സ് നമ്പർ 92/30.03.2023 ₹75,920)

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 20/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്തൃ വിഹിതമായി സ്ഥാപനത്തിൽ അടവാക്കിയ 18,980/- രൂപ ബന്ധപ്പെട്ട ചെലവ് ഹെഡിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതും സാധനങ്ങൾ വാങ്ങുന്നതിൽ സർക്കാർ ഉത്തരവ് പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-22 അംഗൻവാടികൾക്ക് വാട്ടർ ഫിൽറ്റർ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ- 184/23 അംഗൻവാടികൾക്ക് വാട്ടർ ഫിൽറ്റർ

നിർവ്വഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ-1,10,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നമ്പർ - XVFC/2022-23/P/32/23.03.23 ₹1,08,579/-

മേൽ പദ്ധതി പ്രകാരം ടെണ്ടർ നടപടിക്രമത്തിലൂടെ നന്നംമുക്ക് ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലേക്ക് വാട്ടർ ഫിൽറ്റർ വാങ്ങുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണം നടത്തിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1)ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാനുലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് സിഡ്കൊ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 1,08,579/-രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.( ഇൻവോയ്സ് നമ്പർ KKD/22-23/218-17.02.2023 ₹1,08,579/-)

2) വാട്ടർ ഫിൽറ്ററുകൾ വാങ്ങുന്നതിന് തീയതി രേഖപ്പെടുത്താത്ത എ2888/2023 നമ്പർ ബിഡ് പരസ്യ പ്രകാരം അംഗീകൃത ഡീലർ/ഗവ.അംഗീകൃത സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ബിഡുകൾ(ഓരോ ഇനത്തിനും ജി.എസ്.ടി. ഉൾപ്പെടെയുള്ള യൂണിറ്റ് കോസ്റ്റ് ) സമർപ്പിക്കുന്നതിനാണ് ആവശ്യപ്പെട്ടത്. 6 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു. 'ടെണ്ടർ പരസ്യത്തിൽ നൽകിയ സ്പെസിഫിക്കേഷൻ പ്രകാരം ആയതിൽ ഏറ്റവും കുറവ് തുക (11490/-) രേഖപ്പെടുത്തിയിട്ടുള്ളത് AXIOM AQUA SOLUTIONS എന്ന സ്ഥാപനമാണ്. എന്നാൽ 05.01.2023 ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 4(3) തീരുമാനത്തിൽ 6 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത (₹12064/-) അക്രഡിറ്റഡ് ഏജൻസിയുടെ ടെണ്ടർ (SIDCO SALES EMPORIUM ₹12064/-) ആണ് അംഗീകരിച്ചത്. ആയത് പ്രകാരം 9 വാട്ടർ ഫിൽറ്റർ വാങ്ങുന്നതിന് ഒരെണ്ണത്തിന് 12064/- രൂപ നിരക്കിൽ ആകെ ₹1,08,579/- ചെലവഴിച്ചു. (ഇൻവോയ്സ് നമ്പർKKD/22-23/218-17.02.2023 ₹1,08,579/-) ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന് വ്യക്തമായ കാരണങ്ങളോ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനങ്ങളോ ഫയലിൽ ലഭ്യമല്ല. ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിൽ ഒരെണ്ണത്തിന് 11490/- രൂപ നിരക്കിൽ ആകെ 103410 രൂപ മാത്രമാണ് ഈ ഇനത്തിൽ ചെലവ് വരുമായിരുന്നത്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ച് പർച്ചേസ് നടത്തിയതിനാൽ ഈ ഇനത്തിൽ 5169/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

3)വാട്ടർ ഫിൽറ്ററുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ വിശദാംശങ്ങൾ(ഏതെല്ലാം അംഗൻവാടികളിലാണ് ) , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് രേഖകൾ/മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ

6/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നടപടിക്രമത്തിലെ വീഴ്ചമൂലമുള്ള 5169/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 വിവിധ അങ്കണവാടികളിൽ അറ്റകുറ്റപണി - ഷീറ്റ് റൂഫിംഗ് - തെറ്റായ നിരക്ക് നൽകി- കരാറുകാരന് അധികം നൽകിയത് 2193 രൂപ

പ്രോജക്റ്റ് - S095/23

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (NR)

ബിൽ - 22151252036501116354/31.3.23 – 13,47,469

എം. ബുക്ക് - 177/21-22, 178/21-22

കരാർ - 38/25.2.22 (Estimate Rate)

മൂല്യനിർണ്ണയം - 13,47,469 (GST ഉൾപ്പെടെ)

കരാറുകാരൻ - ശ്രീ. റഫീഖ്. PV

Cost Index -36.44% (DSoR 2018)

Esti. No.- 2021-22/86115

TS- 64193/2.01.22

മേൽ പ്രവൃത്തിയുടെ ഭാഗമായി 48ാം നമ്പർ അംഗൻവാടിയിൽ ഷീറ്റ് റൂഫിംഗിന്റെ ഭാഗമായുള്ള ഇനം 3(15) പ്രകാരം ചെയ്തിട്ടുള്ള GI പൈപ്പുകൾ കൊണ്ടുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് DAR 10.16.1 കോഡ് പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്നത് DAR 50.10.2 കോഡ് പ്രകാരമുള്ള നിരക്കാണ്. പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി. വിശദ വിവരം ചുവടെ

(13.11.2023 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI പൈപ്പ് ഉപയോഗിച്ച് കൊണ്ടുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ടു.)

| അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|
| 123.160 Kg X 154.58/kg (169.88/kg-9.001% Tender Below) = 19038.07 | 123.160 Kg X 139.49/kg (153.29/kg-9.001% Tender Below) = 17179.58 | **2193 (1858.49+18% GST)** |

പ്രവൃത്തിയിൽ കരാറുകാരന് അധികമായി അനുവദിച്ച തുക - **2193** രൂപ

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/14.11.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം **2193** രൂപ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല - നഷ്ടം 19719 രൂപ

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച് പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് കരാർ തുകയുടെ 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്. (പ്രവൃത്തികളിൽ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാർ അപേക്ഷ സമർപ്പിച്ചിട്ടില്ല.)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | സൈറ്റ് ഹാൻഡ് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ഓവർ ചെയ്തത് | | | |
| 1 | ആയുർവേദ ആശുപത്രി സൗകര്യ വികസനം (SO102/23)<br>ഫണ്ട് - MG (NR)<br>BRN- 22151252036501056375/17.1.23<br>കരാർ 28/17.1.2022<br>കരാർ തുക - 311321<br>അളവ് പുസ്തകം 175/21-22<br>കരാറുകാരൻ- ശ്രീ. രാഗിനാഥ്. VG<br>കോസ്റ്റ് ഇൻഡക്സ് 36.44% (DsoR 2018)<br>TS No-23968/25.8.21<br>Est.No-2021/64583<br>Duration – 5 മാസം (As Per TS Slip) | 17.1.2022 | 16.6.22 വരെ (5 മാസം) | 14.10.22 | **5050/-**<br>17.6.22 മുതൽ 16.9.22 വരെ<br>3113/-<br>17.9.22 മുതൽ 14.10.22 വരെ<br>1937/-<br>(6226x28/90) |
| 2 | Take A Break Toilet നിർമ്മാണം (SO094/23)<br>ഫണ്ട് - CFC<br>BRN- 22151252036500821801/25.11.22 (366272)<br>22151252036501514710/30.3.22 (253592)<br>കരാർ 12/13.12.2021<br>കരാർ തുക – 715548.08<br>അളവ് പുസ്തകം 158/21-22, 168/21-22<br>കരാറുകാരൻ- ശ്രീ. അലി മുഹമ്മദ്. KK<br>കോസ്റ്റ് ഇൻഡക്സ് 31.06% (DsoR 2016)<br>TS No-79469/21.10.20<br>Est.No-2020/124737<br>Duration – 6 മാസം (As Per TS Slip) | 13.12.21 | 12.6.22 വരെ (6 മാസം) | 15.9.22 | **7632/-**<br>13.6.22 മുതൽ 12.9.22 വരെ<br>7155/-<br>13.9.22 മുതൽ 15.9.22 വരെ<br>477/-<br>(14310x3/90) |
| 3 | ഭൂതത്താൻ കോട്ട അമ്പലം റോഡ് റീടാറിംഗ് (SO103/23)<br>ഫണ്ട് - MG(NR)<br>BRN- | 27.12.21 | 26.5.22 വരെ (5 മാസം) | 1.2.23 | **7005/-**<br>27.5.22 മുതൽ 26.8.22 വരെ<br>1561/- |

| | | | | | |
|---|---|---|---|---|---|
| | 22151252036501364352/15.3.23<br>കരാർ 15/27.12.2021<br>കരാർ തുക – 156071.96<br>അളവ് പുസ്തകം 184/21-22<br>കരാറുകാരൻ-ശ്രീ.ഗോപിനാഥൻ.VP<br>കോസ്റ്റ് ഇൻഡക്സ് 36.44% (DsoR 2018)<br>TS No-14886/27.7.21<br>Est.No-2021/19766<br>Duration – 5 മാസം (As Per TS Slip) | | | | 27.8.22 മുതൽ 26.11.22 വരെ<br>3121/-<br>27.11.22 മുതൽ 1.2.23 വരെ<br>2323/-<br>(3121x67/90) |
| | | | | | **19687** |

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/12.11.23) മറുപടിയായി ക്രമ നമ്പർ 1,3 എന്നിവ പ്രകാരമുള്ള നഷ്ട തുകകൾ കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന അറിയിച്ചു. ക്രമ നമ്പർ 2 പ്രകാരമുള്ള പ്രവൃത്തിക്ക് സ്ഥലം ലഭിക്കാത്തതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ താമസിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ പ്രവൃത്തി സ്ഥലം 13.12.21 ന് കരാറുകാരന് കൈമാറിയിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പ്രവൃത്തികളിലുണ്ടായ നഷ്ടം 19687 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-25 പൊതുകിണറുകൾ റിപ്പയർ പ്രവൃത്തി- അപാകത-കരാറുകാരന് അധികം നൽകിയത് 98,760 രൂപ

**പ്രോജക്റ്റ് – S0107/23**

**ഫണ്ട്- ധനകാര്യ കമ്മീഷൻ ഗ്രാന്റ്**

**മൂല്യനിർണ്ണയം – 11,61,185**

വൗച്ചർ- XVFC/2022-23/P/37/28.3.2023 - 266320

വൗച്ചർ- XVFC/2022-23/P/8/8.12.2022 - 894865

കരാർ - 50/17.3.2022

കരാറുകാരൻ-ശ്രീ. റിജിൻ.എ

അളവ് പുസ്തകം-170/21-22, 171/21-22

സാങ്കേതികാനുമതി 81465/7.2.2022(12,82,740)

Estimate No. - 2021/104856

DsoR -2018 (Cost Index -36.44%)

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുകിണറുകൾ റിപ്പയർ എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു

എ). പ്രവൃത്തിയിലെ ഏതാനും വാർഡുകളിലെ കിണർ റിപ്പയറിംഗ് പ്രവൃത്തികൾ അസി.എഞ്ചിനീയരുടെ സാന്നിദ്ധ്യത്തിൽ 13.11.23 ന് നേരിൽ പരിശോധിച്ചതിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ച ഏതാനും ഇനങ്ങൾ പ്രവൃത്തികളിൽ ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത ഇനത്തിന് കരാറുകാരന് അനുവദിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/വാർഡ് | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതും എന്നാൽ പ്രവൃത്തിയിൽ ചെയ്യാത്തതുമായ ഇനം | ചെയ്യാത്ത ഇനത്തിന് കരാറുകാരന് അനുവദിച്ച തുക |
|---|---|---|
| **1) കരുവാട്ട് എസ്.സി കോളനി കിണർ (Ward 3)** | ഇനം 1(2)<br>Scaffolding (DAR 14.72) | 5791.50 |

| | | |
|---|---|---|
| | ഇനം 1 (Extra Item 5)<br>Plastering (DAR 13.1.1) | 9747.75 |
| **2) കരുവാട്ട് എസ്.സി കോളനി കിണർ (Second) (Ward 3)** | ഇനം 3(2)<br>Scaffolding (DAR 14.72) | 5791.50 |
| | ഇനം 3(5) - Plastering (DAR 13.1.1) | 6221.92 |
| 3)ജിം റോഡ് കിണർ **(Ward 3)** | ഇനം 4(2)<br>Scaffolding (DAR 14.72)<br>(പ്രവൃത്തിയിൽ Plastering ഇല്ല. കിണർ പെയിന്റിംഗ് മാത്രമാണ് ഉള്ളത്. Scaffolding ആവശ്യം വരുന്ന പ്രവൃത്തികൾ കിണറിന്റെ അറ്റകുറ്റ പണികളിൽ ഇല്ല)) | 5791.50 |
| 4)വടക്കമ്മുറി റോഡ് കിണർ **(Ward 3)** | ഇനം 5(2)<br>Scaffolding (DAR 14.72)<br>(പ്രവൃത്തിയിൽ Plastering ഇല്ല. കിണർ പെയിന്റിംഗ് മാത്രമാണ് ഉള്ളത്. Scaffolding ആവശ്യം വരുന്ന പ്രവൃത്തികൾ കിണറിന്റെ അറ്റകുറ്റ പണികളിൽ ഇല്ല)) | 5791.50 |
| 5) എസ്.സി കോളനി റോഡ് കിണർ **(Ward 2)** | ഇനം 6(2)<br>Scaffolding (DAR 14.72) | 5791.50 |
| | ഇനം 6 (Extra Item 1) – Plastering (DAR 13.1.1) | 8431.26 |
| 6) എടമനപ്പടി റോഡ് കിണർ **(Ward 6)** | ഇനം 8(2)<br>Scaffolding (DAR 14.72)<br>(Scaffolding ആവശ്യം വരുന്ന പ്രവൃത്തികൾ കിണറിന്റെ അറ്റകുറ്റ പണികളിൽ ഇല്ല) | 5791.50 |
| 7) മൂക്കുതല LP School കിണർ **(Ward 6)** | ഇനം 13(7)<br>Scaffolding (DAR 14.72)<br>(Scaffolding ആവശ്യം വരുന്ന പ്രവൃത്തികൾ കിണറിന്റെ അറ്റകുറ്റ പണികളിൽ ഇല്ല) | 7150 |
| | | 74,256 (66299.93 + 12% GST) |

കരാറുകാരന് അധികം നൽകിയത് - 74,256 (66299.93 + 12% GST)

(പ്രവൃത്തികളിൽ കാണപ്പെട്ട പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പഴയതും മുൻവർഷങ്ങളിൽ ചെയ്തിട്ടുള്ളതാണെന്ന ബോധ്യപ്പെട്ടു. ഇക്കാര്യം നിർവഹണ ഉദ്യോഗസ്ഥൻ തന്നെ സമ്മതിച്ച് സ്ഥലപരിശോധന റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.)

ബി). താഴെ പറയുന്ന പ്രവൃത്തികളിൽ കിണറുകളിൽ Plastering പ്രവൃത്തി ചെയ്തതിന് അനുവദിച്ച് നൽകിയ നിരക്കിൽ (DAR Code 13.1.1) സ്കഫോൾഡിങ്ങിനുള്ള നിരക്ക് കൂടി ഉൾപ്പെടുന്നുണ്ട്. അതുകൊണ്ട് തന്നെ Scaffolding ന് വേണ്ടി പ്രത്യേക ഇനം (DAR Code 14.72 ) ഉൾപ്പെടുത്തേണ്ടതില്ല. എന്നാൽ പ്രവൃത്തികളിൽ Scaffolding ന് വേണ്ടി പ്രത്യേക ഇനം അനുവദിച്ച് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. മാത്രമല്ല ടി പ്രോജക്റ്റിന്റെ ഭാഗമായി **ലക്ഷംവീട് കിണർ (Ward 6), ഒലയൻ പറമ്പിൽ കിണർ (Ward 6), ബേബിപ്പടി കിണർ (Ward 12),** എന്നീ കിണറുകളുടെ Plasteringപ്രവൃത്തി ഉൾപ്പെടെയുള്ള അറ്റകുറ്റപണി ചെയ്തപ്പോൾ പ്രവൃത്തികളിൽ Scaffolding ന് വേണ്ടി പ്രത്യേക ഇനം (DAR Code 14.72 ) ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടില്ല. അതുകൊണ്ട് തന്നെ പ്രവൃത്തികളിൽ Scaffolding ന് വേണ്ടി പ്രത്യേക ഇനം ആവശ്യമില്ല എന്ന് വ്യക്തമാണ്. പ്രവൃത്തികളിൽ കരാറുകാരന് താഴെ പറയും പ്രകാരം തുക അധികമായി അനുവദിച്ചിട്ടുണ്ട്.

(എല്ലാ പ്രവൃത്തികളിലും കിണറിന്റെ പ്ലാറ്റ് ഫോം , റിബ് എന്നിവയിൻമേൽ പ്ലാസ്റ്ററിങ്, പെയിന്റിംഗ് വർക്കുകളാണ് പ്രധാനമായും ഉള്ളത്.)

| ക്രമ നമ്പർ | വാർഡ് | പ്ലാസ്റ്ററിങ്ങിന് അനുവദിച്ച തുക | സ്കഫോൾഡിങ്ങിന് അനുവദിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| | | (DAR 13.1.1) | (DAR 14.72) |
| 1 | **ലക്ഷം വീട് കോളനി കിണർ (Ward 12)** | 15889.28<br>(53.680 M2 @296/m2)<br>ഇനം -6 | 5791.50<br>(20.250 M2 @286/m2)<br>ഇനം 2 |
| 2 | **ലക്ഷം വീട് കോളനി കിണർ -2 (Ward 12)** | 14628.32<br>(49.420 M2 @296/m2)<br>ഇനം -8 | 5791.50<br>(20.250 M2 @286/m2)<br>ഇനം 2 |
| 3 | **മനർഷടി അംഗൻവാടി കിണർ (Ward 14)** | 10875.92<br>(36.743 M2 @296/m2)<br>ഇനം -Extra Item -1 | 10296<br>(36 M2 @286/m2)<br>ഇനം 5 |
| | | | 24504 (21,879+12% GST) |

കരാറുകാരന് അധികം നൽകിയത് - 24504 (21,879+12% GST)

ക്രമ നമ്പർ എ,ബി, എന്നിവ പ്രകാരം പ്രവൃത്തിയിൽ **98,760** രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/14.11.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം **98,760** രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും,അളവ് രേഖപ്പെടുത്തുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകുകയും ചെക്ക് മെഷർ ചെയ്യുകയും ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-26 ഫോം വർക്ക് (സെൻട്രിംഗ് & ഷെട്ടറിംഗ്) ചെയ്യാതെ കോൺക്രീറ്റ് ചെയ്തു -കരാറുകാർക്ക് അധികം നൽകിയത് 80,396 രൂപ

അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്തതിന് Mord-ഒബ്സേർവ്ഡ് ഡാറ്റ 75.8.1 പ്രകാരം ഫോം വർക്കുള്ള (സെൻട്രിംഗ് & ഷെട്ടറിംഗ്) കോൺക്രീറ്റിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ 13.11.2023-ന് പഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ സാനിധ്യത്തിൽ പ്രവൃത്തികളുടെ സൈറ്റ് പരിശോധിച്ചതിൽ ഫോം വർക്ക് (സെൻട്രിംഗ് & ഷെട്ടറിംഗ്) ചെയ്യാതെയാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ പ്രവൃത്തികൾക്ക് ഫോം വർക്ക് ഇല്ലാത്ത ഇനത്തിനു ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടത്. അപാകത മൂലം 80,396/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1).മണ്ണാൻമാർ റോഡ് റീ കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | S0195/23 | |
| അടങ്കൽ/ ചെലവ് | 2,67,000/197067 - MG (R) | |
| ടി എസ് | 71104/10.10.2022 (Cost Index 36.44% DsoR 2018) | |
| Est. No | 71104/2022 | |
| കരാർ | 03/AE/8.12.22 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501445162/23.3.23 | |
| കരാറുകാരൻ | ശ്രീ. അനീഷ്. AV | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 167005.80<br>(27M$^3$*6185.40/M$^3$)<br>(8358.30/M$^3$ - 25.997% (Tender Below) = | 160582.23<br>(27 M$^3$*5947.49/M$^3$)<br>(8036.83/M$^3$ -25.997% (Tender Below) = | 7580<br>[6423.57 + 18% GST] |

| | | |
|---|---|---|
| 6185.40/$M^3$) | 5947.49/$M^3$) | |

2).അറഫ റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | SO242/23 | |
| അടങ്കൽ/ ചെലവ് | 1,57,000/170543 (Tender Excess) - MG (R) | |
| ടി എസ് | 5795/1.2.2023 (Cost Index 36.44% DsoR 2018) | |
| Est. No | 5795/2022 | |
| കരാർ | 14/AE/7.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501469684/25.3.23 | |
| കരാറുകാരൻ | ശ്രീ. ഉസ്മാൻ. MV | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 144527.79<br>(15.863$M^3$*9111/$M^3$)<br>(8358.30/$M^3$ + 9.005%(Tender Excess) = 9111/$M^3$) | 138968.44<br>(15.863$M^3$*8760.54/$M^3$)<br>(8036.83/$M^3$ + 9.005% (Tender Excess) = 8760.54/$M^3$) | 6560<br>[5559.35 + 18% GST] |

3).പുന്നക്കൽ അയിനിച്ചോട് ലിങ്ക് റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | SO245/23 | |
| അടങ്കൽ/ ചെലവ് | 3,60,000/388218 (Tender Excess) - MG (R) | |
| ടി എസ് | 5806/1.2.2023 (Cost Index 36.44% DsoR 2018) | |
| Est. No | 5806/2022 | |
| കരാർ | 20/AE/15.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501457915/24.3.23 | |
| കരാറുകാരൻ | ശ്രീ. രാഗിനാഥ്. VG | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 328997.70<br>(36.450$M^3$*9026/$M^3$)<br>(8358.30/$M^3$ + 7.9884%(Tender Excess) = 9026/m3) | 316343.71<br>(36.450$M^3$*8678.84/$M^3$)<br>(8036.83/$M^3$ + 7.9884% (Tender Excess) = 8678.84/m3) | 14932<br>[12653.99 + 18 % GST] |

4).ബേബിപ്പടി മഞ്ചേരിതാഴം റോഡ് കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്റ്റ് | SO252/23 |
| അടങ്കൽ/ ചെലവ് | 641000/641000 (Tender Excess) - MG (R) |
| ടി എസ് | 5818/1.2.2023 (Cost Index 36.44% DsoR 2018) |

| | | |
|---|---|---|
| Est. No | 5818/2022 | |
| കരാർ | 18/AE/7.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501469716/25.3.23 | |
| കരാറുകാരൻ | ശ്രീ. അനിൽകുമാർ | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 551400<br>(60M$^3$*9190/M$^3$)<br>(8358.30/M$^3$ + 9.950%(Tender Excess) = 9190/M$^3$) | 530189<br>(60M$^3$*8836.49/M$^3$)<br>(8036.83/M$^3$ + 9.950% (Tender Excess) = 8836.49/M$^3$) | 25029<br>[21211 + 18% GST] |

5).സഫാരി റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | SO253/23 | |
| അടങ്കൽ/ ചെലവ് | 1,13,000/113000 (Tender Excess) - MG (R) | |
| ടി എസ് | 5819/31.1.2023 (Cost Index 36.44% DsoR 2018) | |
| Est. No | 5819/2022 | |
| കരാർ | 17/AE/7.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501469707/25.3.23 | |
| കരാറുകാരൻ | ശ്രീ. ഉസ്മാൻ. MV | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 104038.51<br>(11.419M$^3$*9111/M$^3$)<br>(8358.30/M$^3$ + 9.005%(Tender Excess) = 9111/m$^{3)}$ | 100036.60<br>(11.419 M$^3$*8760.54/M$^3$)<br>(8036.83/M$^3$ + 9.005% (Tender Excess) = 8760.54/m$^3$) | 4722<br>[4001.91 + 18 %GST] |

6).ചേലക്കടവ് മാറങ്ങാട്ടയിൽ റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | SO258/23 | |
| അടങ്കൽ/ ചെലവ് | 2,10,000/212517 (Tender Excess) - MG (R) | |
| ടി എസ് | 5830/30.1.2023 (Cost Index 36.44% DsoR 2018) | |
| Est. No | 5830/2022 | |
| കരാർ | 15/AE/7.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501469693/25.3.23 | |
| കരാറുകാരൻ | ശ്രീ. ഉസ്മാൻ. MV | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |

| | | |
|---|---|---|
| 183131.10<br>(20.100M³*9111/M³)<br>(8358.30/M³ + 9.005% (Tender Excess) = 9111/M³) | 176086.85<br>(20.100 M³*8760.54/M³)<br>(8036.83/M³ + 9.005% (Tender Excess) = 8760.54/M³) | 8312<br>[7044.25 + 18% GST] |

6).അത്താണി കടുക്കഴി റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | SO255/23 | |
| അടങ്കൽ/ ചെലവ് | 2,57,000/257000 (Tender Excess) - MG (R) | |
| ടി എസ് | 5825/31.1.2023 (Cost Index 36.44% DsoR 2018) | |
| Est. No | 5825/2022 | |
| കരാർ | 19/AE/14.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501527748/28.3.23 | |
| കരാറുകാരൻ | ശ്രീ. ഷാജിൽ. MS | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 140802.71<br>(15.343M³*9177/M³)<br>25.487 M³-10.144 M³( ഷട്ടറിംഗ് ചെയ്ത ഭാഗം) =15.343M³)<br>(8358.30/M³ + 9.795% (Tender Excess) = 9177/M³) | 135387.09<br>(15.343 M³*8824.03/M³)<br>(8036.83/M³ + 9.795% (Tender Excess) = 8824.03/M³) | 6390<br>[5415.62 + 18% GST] |

7).അബ്ദുൾ കലാം റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | SO146/23 | |
| അടങ്കൽ/ ചെലവ് | 2,11,000/178643 - MG (R) | |
| ടി എസ് | 38972/10.10.2022 (Cost Index 36.44% DsoR 2018) | |
| Est. No | 38972/2022 | |
| കരാർ | 02/AE/30.11.22 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501080803/23.1.23 | |
| കരാറുകാരൻ | ശ്രീ. അനിൽകുമാർ | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 151392.28<br>(21.368M³*7085/M³)<br>(8358.30/M³ – 15.234% (Tender Below) = | 145569.28<br>(21.368M³*6812.49/M³)<br>(8036.83/M³ -15.234% (Tender Below) = | 6871<br>[5823 + 18 %GST] |

| | | | |
|---|---|---|---|
| | 7085/$M^3$) | 6812.49/$M^3$) | |

പ്രവൃത്തികളിൽ അധികമായി കരാറുകാർക്ക് അനുവദിച്ച തുക 80,396 രൂപ

പ്രവൃത്തികളിൽ **80,396** രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/14.11.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം **80,396** രൂപ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-27 PHC കെട്ടിടത്തിന് ചുറ്റമതിൽ നിർമ്മാണം - കരാറുകാരന് അധികം നൽകിയത് 2619 രൂപ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ PHC കെട്ടിടത്തിന് ചുറ്റമതിൽ നിർമ്മാണം എന്ന പ്രവൃത്തിയിൽ കെട്ടിടത്തിലെ ചുറ്റമതിലിന് ഗേറ്റ് നിർമ്മിച്ചതിന് DAR Code 10.16.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിക്ക് അനുവദിക്കാവുന്നത് DAR Code 10.25.2 പ്രകാരമുള്ള നിരക്കാണ്. പ്രസ്തുത ഡാറ്റകളിൽ നിന്നും ഈ വസ്തുത വ്യക്തമാണ്. തെറ്റായ നിരക്ക് അനുവദിച്ചതിലൂടെ കരാറുകാരന് അധികം തുക നൽകാനിടയായി. അധികം നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു. (DAR Code 10.16.1 പ്രകാരമുള്ള നിരക്ക് ട്രസ്സ് വർക്കുകൾക്ക് അനുവദിക്കുന്ന നിരക്കാണ്)

പ്രോജക്റ്റ് നമ്പർ - SO115/23

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (NR)

സാങ്കേതികാനുമതി തുക – 6,00,000

കരാറുകാരൻ - റിജിൻ. A

അളവ് പുസ്തകം - 169/21-22

കരാർ - 48/ 17.3.22

മൂല്യനിർണ്ണയം - 5,20,298 (GST ഉൾപ്പെടെ)

BRN - 22151252036500772518/14.11.22-

5,20,298

Cost Index -36.44% (DSoR 2018 )

Estimate. No- 2022 / 9585

TS No- 83046/2.01.22

<u>അനുവദിച്ച തുക (DAR 10.16.1 പ്രകാരം)</u>

173.884 Kg X 155/kg (169.87/kg-8.753% Tender Below) = 26952.02

<u>അനുവദിക്കാവുന്ന തുക (DAR 10.25.2 പ്രകാരം)</u>

173.884 Kg X 141.55/kg (155.13/kg- 8.753%Tender Below) = 24613.28

കരാറുകാരന് അധികം നൽകിയത്

26952.02 - 24613.28 = 2338.74 + 12% = 2619

പ്രവൃത്തിയിൽ 2619 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/12.11.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം 2619 രൂപ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-28 ഗ്രാമ പഞ്ചായത്ത് ജീവനക്കാർക്ക് നൽകിയ ഉത്സവ മുൻകൂർ തിരിച്ചടച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ തനത് ഫണ്ടിൽ നിന്ന് 161000/- രൂപ വൗച്ചർ നമ്പർ 22200592/14.10.22 പ്രകാരം പിൻവലിച്ച് ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് ഉത്സവ മുൻകൂർ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ജീവനക്കാർ കൈപ്പറ്റിയ മുഴുവൻ തുകയും തിരിച്ചടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | ജീവനക്കാരന്റെ പേരും തസ്തികയും | നൽകിയ മുൻകൂർ തുക | തിരികെ ഈടാക്കിയ തുക (മുൻ കൂർ രജിസ്റ്ററിലെ രേഖപ്പെടുത്ത ലുകൾ പ്രകാരം) | തിരികെ ഈടാക്കാൻ ബാക്കിയുള്ള തുക. (മുൻകൂർ രജിസ്റ്ററിലെ രേഖപ്പെടുത്ത ലുകൾ പ്രകാരം) |
|---|---|---|---|---|
| 1. | മുൻബാക്കി (2021-22 സാമ്പത്തിക വർഷത്തെ മുൻകൂർ തുകയിൽ മോബി മാത്യു തിരികെ ഒടുക്കാനുള്ള തുക | | | 12000/- |
| | ശ്രീ S. പരമേശ്വരൻ നമ്പൂതിരി, അസിസ്റ്റന്റ് സെക്രട്ടറി | 20,000/- | 4000/- | 16000/- |
| | ശ്രീമതി ധന്യ അമ്പിളി, അക്കൗണ്ടന്റ് | 20,000/- | 4000/- | 16000/- |
| | ശ്രീമതി രജനി, എം.എൻ, സീനിയർ ക്ലാർക്ക് | 20000/- | 8000/- | 12000/- |
| | ശ്രീമതി രജനി എ, ക്ലാർക്ക് | 20000/- | 12000/- | 8000/- |
| | **ആകെ ഈടാക്കാനുള്ള തുക** | | | **64000/-** |

2022-23 ലെ വാർഷിക ധനകാര്യ പത്രിക ബി- 18 പ്രകാരം ഉത്സവ മുൻകൂർ ഇനത്തിൽ 44000രൂപയാണ് തിരികെ കിട്ടാനുള്ളത്. എന്നാൽ മുൻകൂർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഈയിനത്തിൽ തൻവർഷത്തെ 52000 രൂപയും മുൻബാക്കി 12000രൂപയും ഉൾപ്പെടെ ആകെ 64000 രൂപ തിരികെ കിട്ടാനുള്ളതായി കാണുന്നു.

മേൽ പറഞ്ഞ തുക തിരികെ ഈടാക്കാത്തത് സംബന്ധിച്ചും , വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് തുകയും , മുൻകൂർ രജിസ്റ്ററിലെ ബാലൻസ് തുകയും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 03/08.11.23) ന് മറുപടി സമർപ്പിച്ചിട്ടില്ല.

ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ഈ വ്യത്യാസം സംബന്ധിച്ച ന്യൂനതകൾ പരിഹരിക്കേണ്ടതും മേൽ പറഞ്ഞ പട്ടിക പ്രകാരം തിരികെ ഈടാക്കാനുള്ള തുക തിരികെ ഈടാക്കി വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 വാട്ടർ എ.ടി.എം : പദ്ധതി- വരവ് തുക - രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വാട്ടർ എ.ടി.എം.പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് പേര് | വാട്ടർ എ.ടി.എം |
| പ്രൊജക്ട് നമ്പർ | 08/23 |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. |
| അടങ്കൽ | ₹5,00,000/- |
| ചെലവ് | ₹4,94111/- |
| ഇൻവോയ്സ് നം. | A000408/07.03.23 |
| വൗച്ചർ നം. | 22201143, തീ. 29.03.23 |
| നിർവഹണം | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം 494111/- രൂപ ചെലവഴിച്ച് WATER WORLD , WEST FORT , THRISSUR എന്ന സ്ഥാപനത്തിൽ നിന്നും 500LPH ശേഷിയുള്ള വാട്ടർ എ.ടി.എം വാങ്ങുകയും ആയത് പഞ്ചായത്ത് ഭരണ സമിതി തീരുമാനം നം. 1(9) തിയതി 16.03.23 പ്രകാരം വടക്കുമുറി GLP സ്കൂളിൽ 16.03.23 ന് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലിറ്റർ വെള്ളത്തിന് 1 രൂപയും 5 ലിറ്റർ വെള്ളത്തിന് 5 രൂപയും നിശ്ചയിക്കുകയും, മെഷീന്റെ ചുമതല, പഞ്ചായത്ത് സെക്രട്ടറിയുടെ 16.03.23 -ലെ A2/08/2022 ഉത്തരവ് പ്രകാരംപഞ്ചായത്ത് ഓഫീസിലെ A2 സെക്ഷന് നൽകുകയും ചെയ്തിട്ടുണ്ട് . വെള്ളത്തിന്റെ

വിലയായി കിട്ടുന്ന തുക എണ്ണിത്തിട്ടപ്പെടുത്തി രജിസ്റ്ററിൽ ചേർത്ത് ബാങ്കിൽ ഒടുക്കേണ്ട ചുമതല A3 സെക്ഷനം നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി പരിപാലിക്കുന്ന രജിസ്റ്ററും തുകയുടെ ഒടുക്കുമായി ബന്ധപ്പെട്ട ബാങ്ക് പാസ്സ് ബുക്ക് ഉൾപ്പെടെയുള്ള രേഖകളും, 2021-22 ൽ മൂക്കുതല സ്കൂളിൽ സ്ഥാപിക്കപ്പെട്ട വാട്ടർ എ.ടി.എം. ൽ നിന്നുള്ള വരവ് -ഒടുക്ക് സംബന്ധിച്ച രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 18/13.11.23)ന് മറുപടി നൽകിയില്ല. ആയതിനാൽ മേൽ പറഞ്ഞ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവനം നിർമാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ ലൈഫ് - ഭവന പദ്ധതി- സ്റ്റേജ് റിപ്പോർട്ട് പ്രകാരം നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | കൈപ്പറ്റിയ തുക (₹) | ബാക്കി തുക | റിമാർക്സ് |
|---|---|---|---|---|
| സുഭാഷ് & ശ്രുതി, പൂത്താത്ത് (H) , ചേലക്കാവ് (ലൈഫ്.SCP അഡീഷണൽ) | 17 | 80,000/- (ബ്ലോ.പ. വിഹിതം) കൈപ്പറ്റിയ തീയ്യതി- 05.01.2022<br>100000 (സംസ്ഥാന വിഹിതം) **കൈപ്പറ്റിയ തീയ്യതി- 21.07.2022** | 2,20000 | സ്റ്റേജ് രജിസ്റ്റർ പ്രകാരം 21.07.2022 ന ശേഷം നിർമാണം തുടരുന്നില്ല. |
| മൈമൂന, തൊണ്ടില വളപ്പിൽ വീട്, നന്നംമുക്ക് | 1 | 40000/- (ജനറൽ | 3,60000/- | സ്റ്റേജ് രജിസ്റ്റർ പ്രകാരം നിർമാണം ആരംഭിച്ചിട്ടില്ല. (05.09.2019 ന് ഗുണഭോക്താവിന് കത്ത് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ വ്യക്തമല്ല |
| അമ്മപൊന്ന് ,W/O ഗോവിന്ദരാജ്, കോഴിക്കൽ ക്വാർട്ടേഴ്സ്, നന്നംമുക്ക് സൗത്ത് | 9 | 40000/- ( 06.07.22 40000/- (08.12.22) 100000/- ((08.12.22) | 2,20000/- | 08.12.22 ന ശേഷം നിർമാണം തുടരുന്നില്ല. |

സർക്കാർ ഉത്തരവ് (കൈ) 34/2018/ത.സ്വ.ഭ.വ, 28.09.2016 ലൈഫ് മിഷൻ കരാർ പത്രിക ക്രമ നമ്പർ 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 34/2018/ത.സ്വ.ഭ.വ തിയതി 16.3.2018 ഭവനനിർമാണത്തിനായി കരാർ ചമച്ച ഗുണഭോക്താക്കൾ കരാർ വ്യവസ്ഥ ലംഘിച്ചാൽ 12% പലിശ സഹിതം തുക തിരികെ ഈടാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.
മേൽ പട്ടികയിലെ ക്രമ നമ്പർ(2) ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.ഇക്കാര്യം 2021-22 -ലെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 19/14.11.23) മറുപടി സമർപ്പിച്ചില്ല

ആയതിനാൽ മേൽ പറഞ്ഞ സർക്കാർ ഉത്തരവുകളിൽ നിർദേശിച്ചത് പ്രകാരം, ക്രമ നമ്പർ ( 2) ഗുണഭോക്താവിൽ നിന്നും

കൈപ്പറ്റിയ തുക നിയമാനുസൃതമായ പലിശ സഹിതം തിരികെ ഈടാക്കേണ്ടതും മറ്റ് രണ്ട് ഗുണഭോക്താക്കളെ കൊണ്ട് നിർമാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-31 ദുരിതാശ്വാസ നിധി - രേഖകളും രജിസ്ററുകളും പരിശോധനക്ക് ഹാജരാക്കിയില്ല**

2003-ലെ കേരള പഞ്ചായത്ത് രാജ് - (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതി ദുരന്തങ്ങൾ , അത്യാഹിതം മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും പഞ്ചായത്ത് പ്രദേശങ്ങളിൽ വസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, സംഭാവനകൾ സ്വീകരിച്ചും പ്രസ്തുത നിധിയിലേക്ക് ധനം ശേഖരിക്കാവുന്നതാണ്.നിധിയുടെ വരവുചെലവുകൾ കൈകാര്യം ചെയ്യുന്നതിന് സെക്രട്ടറിയുടെ പേരിൽ വേറിട്ട ഒരു ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും നിധിയിലേക്കുള്ള വരവിന് സെക്രട്ടറിയോ , സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഒപ്പിട്ട രസീത് നൽകേണ്ടതും അത് അച്ചടിച്ച ഫാറത്തിലായിരിക്കേണ്ടതുമാണ്. നിധിയെ സംബന്ധിച്ച വരവ്-ചെലവു കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ സൂക്ഷിക്കേണ്ടതും, നിധിയുമായി ബന്ധപ്പെട്ട രസീതു ബുക്കുകൾ, ബാങ്ക് പാസ്സ് ബുക്ക് , രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ മേൽ പറഞ്ഞ ഉദ്യോഗസ്ഥൻ സൂക്ഷിച്ച പോരേണ്ടതുമാണ്.

ദുരിതാശ്വാസ നിധി സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 5/10.11.23) ന് മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ മേൽ പറഞ്ഞ ചട്ടപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ രേഖകളും രജിസ്റ്ററുകളും കാലികമാക്കി സൂക്ഷിച്ച പോരേണ്ടതും സമയാസമയങ്ങളിൽ പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. നിധി രൂപീകരിച്ചിട്ടില്ലെങ്കിൽ അക്കാര്യം പരിഗണിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 പൊതുകിണറുകൾ റിപയർ പ്രവൃത്തി- അപാകത-കരാറുകാരന് അധികം നൽകിയത് 98,760 രൂപ**

**പ്രോജക്റ്റ് - S0107/23**

**ഫണ്ട്- ധനകാര്യ കമ്മീഷൻ ഗ്രാന്റ്**

**മൂല്യനിർണ്ണയം - 11,61,185**

വൗച്ചർ- XVFC/2022-23/P/37/28.3.2023 - 266320

വൗച്ചർ- XVFC/2022-23/P/8/8.12.2022 - 894865

കരാർ - 50/17.3.2022

കരാറുകാരൻ-ശ്രീ. റിജിൻ.എ

അളവ് പുസ്തകം-170/21-22, 171/21-22

സാങ്കേതികാനുമതി 81465/7.2.2022(12,82,740)

Estimate No. - 2021/104856

DsoR -2018 (Cost Index -36.44%)

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുകിണറുകൾ റിപ്പയർ എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്ന

എ). പ്രവൃത്തിയിലെ ഏതാനും വാർഡുകളിലെ കിണർ റിപ്പയറിംഗ് പ്രവൃത്തികൾ അസി.എഞ്ചിനീയരുടെ സാന്നിദ്ധ്യത്തിൽ 13.11.23 ന് നേരിൽ പരിശോധിച്ചതിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക

അനുവദിച്ച ഏതാനും ഇനങ്ങൾ പ്രവൃത്തികളിൽ ചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. ചെയ്യാത്ത ഇനത്തിന് കരാറുകാരന് അനുവദിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/വാർഡ് | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതും എന്നാൽ പ്രവൃത്തിയിൽ ചെയ്യാത്തതുമായ ഇനം | ചെയ്യാത്ത ഇനത്തിന് കരാറുകാരന് അനുവദിച്ച തുക |
|---|---|---|
| **1) കരുവാട്ട് എസ്.സി കോളനി കിണർ (Ward 3)** | ഇനം 1(2)<br>Scaffolding (DAR 14.72) | 5791.50 |
| | ഇനം 1 (Extra Item 5)<br>Plastering (DAR 13.1.1) | 9747.75 |
| **2) കരുവാട്ട് എസ്.സി കോളനി കിണർ (Second) (Ward 3)** | ഇനം 3(2)<br>Scaffolding (DAR 14.72) | 5791.50 |
| | ഇനം 3(5) - Plastering (DAR 13.1.1) | 6221.92 |
| 3)ജിം റോഡ് കിണർ **(Ward 3)** | ഇനം 4(2)<br>Scaffolding (DAR 14.72)<br>(പ്രവൃത്തിയിൽ Plastering ഇല്ല. കിണർ പെയിന്റിംഗ് മാത്രമാണ് ഉള്ളത്. Scaffolding ആവശ്യം വരുന്ന പ്രവൃത്തികൾ കിണറിന്റെ അറ്റകുറ്റ പണികളിൽ ഇല്ല)) | 5791.50 |
| 4)വടക്കുമ്മുറി റോഡ് കിണർ **(Ward 3)** | ഇനം 5(2)<br>Scaffolding (DAR 14.72)<br>(പ്രവൃത്തിയിൽ Plastering ഇല്ല. കിണർ പെയിന്റിംഗ് മാത്രമാണ് ഉള്ളത്. Scaffolding ആവശ്യം വരുന്ന പ്രവൃത്തികൾ കിണറിന്റെ അറ്റകുറ്റ പണികളിൽ ഇല്ല)) | 5791.50 |
| 5) എസ്.സി കോളനി റോഡ് കിണർ **(Ward 2)** | ഇനം 6(2)<br>Scaffolding (DAR 14.72) | 5791.50 |
| | ഇനം 6 (Extra Item 1) – Plastering (DAR 13.1.1) | 8431.26 |
| 6) എടമനപ്പടി റോഡ് കിണർ **(Ward 6)** | ഇനം 8(2)<br>Scaffolding (DAR 14.72)<br>(Scaffolding ആവശ്യം വരുന്ന പ്രവൃത്തികൾ കിണറിന്റെ അറ്റകുറ്റ പണികളിൽ ഇല്ല) | 5791.50 |
| 7) മൂക്കുതല LP School കിണർ **(Ward 6)** | ഇനം 13(7)<br>Scaffolding (DAR 14.72)<br>(Scaffolding ആവശ്യം വരുന്ന പ്രവൃത്തികൾ കിണറിന്റെ അറ്റകുറ്റ പണികളിൽ ഇല്ല) | 7150 |
| | | 74,256 (66299.93 + 12% GST) |

കരാറുകാരന് അധികം നൽകിയത് - 74,256 (66299.93 + 12% GST)

(പ്രവൃത്തികളിൽ കാണപ്പെട്ട പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പഴയതും മുൻവർഷങ്ങളിൽ ചെയ്തിട്ടുള്ളതാണെന്ന ബോധ്യപ്പെട്ടു. ഇക്കാര്യം നിർവഹണ ഉദ്യോഗസ്ഥൻ തന്നെ സമ്മതിച്ച് സ്ഥലപരിശോധന റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.)

ബി). താഴെ പറയുന്ന പ്രവൃത്തികളിൽ കിണറുകളിൽ Plastering പ്രവൃത്തി ചെയ്തതിന് അനുവദിച്ച് നൽകിയ നിരക്കിൽ (DAR Code 13.1.1) സ്കഫോൾഡിങ്ങിനുള്ള നിരക്ക് കൂടി ഉൾപെടുന്നുണ്ട്. അതുകൊണ്ട് തന്നെ Scaffolding ന് വേണ്ടി പ്രത്യേക ഇനം (DAR Code 14.72 ) ഉൾപ്പെടുത്തേണ്ടതില്ല. എന്നാൽ പ്രവൃത്തികളിൽ Scaffolding ന് വേണ്ടി പ്രത്യേക ഇനം അനുവദിച്ച് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. മാത്രമല്ല ടി പ്രോജക്റ്റിന്റെ ഭാഗമായി **ലക്ഷംവീട് കിണർ (Ward 6), ഒലയൻ**

**പറമ്പിൽ കിണർ (Ward 6), ബേബിപ്പടി കിണർ (Ward 12),** എന്നീ കിണറുകളുടെ Plasteringപ്രവൃത്തി ഉൾപ്പെടെയുള്ള അറ്റകുറ്റപണി ചെയ്തപ്പോൾ പ്രവൃത്തികളിൽ Scaffolding ന് വേണ്ടി പ്രത്യേക ഇനം (DAR Code 14.72 ) ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടില്ല. അതുകൊണ്ട് തന്നെ പ്രവൃത്തികളിൽ Scaffolding ന് വേണ്ടി പ്രത്യേക ഇനം ആവശ്യമില്ല എന്ന് വ്യക്തമാണ്. പ്രവൃത്തികളിൽ കരാറുകാരന് താഴെ പറയും പ്രകാരം തുക അധികമായി അനുവദിച്ചിട്ടുണ്ട്.

(എല്ലാ പ്രവൃത്തികളിലും കിണറിന്റെ പ്ലാറ്റ് ഫോം , റിബ് എന്നിവയിൻമേൽ പ്ലാസ്റ്ററിങ്ങ്, പെയിന്റിംഗ് വർക്കുകളാണ് പ്രധാനമായും ഉള്ളത്.)

| ക്രമ നമ്പർ | വാർഡ് | പ്ലാസ്റ്ററിങ്ങിന് അനുവദിച്ച തുക<br>(DAR 13.1.1) | സ്കഫോൾഡിങ്ങിന് അനുവദിച്ച തുക<br>(DAR 14.72) |
|---|---|---|---|
| 1 | **ലക്ഷം വീട് കോളനി കിണർ<br>(Ward 12)** | 15889.28<br>(53.680 M2 @296/m$^{2}$)<br>ഇനം -6 | 5791.50<br>(20.250 M2 @286/m$^{2}$)<br>ഇനം 2 |
| 2 | **ലക്ഷം വീട് കോളനി കിണർ -2<br>(Ward 12)** | 14628.32<br>(49.420 M2 @296/m$^{2}$)<br>ഇനം -8 | 5791.50<br>(20.250 M2 @286/m$^{2}$)<br>ഇനം 2 |
| 3 | **മനർപ്പടി അംഗൻവാടി കിണർ<br>(Ward 14)** | 10875.92<br>(36.743 M2 @296/m$^{2}$)<br>ഇനം -Extra Item -1 | 10296<br>(36 M2 @286/m$^{2}$)<br>ഇനം 5 |
| | | | 24504 (21,879+12% GST) |

കരാറുകാരന് അധികം നൽകിയത് - 24504 (21,879+12% GST)

ക്രമ നമ്പർ എ,ബി, എന്നിവ പ്രകാരം പ്രവൃത്തിയിൽ **98,760** രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/14.11.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം **98,760** രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും,അളവ് രേഖപ്പെടുത്തുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകുകയും ചെക്ക് മെഷർ ചെയ്യുകയും ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

(ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവ് രേഖപ്പെടുത്തുകയും ചെയ്തത് ഒരേ അസിസ്റ്റന്റ് എഞ്ചിനീയർ തന്നെയാണ്. കൂടാതെ സാങ്കേതികാനുമതി നൽകുകയും ചെക്ക് മെഷർ ചെയ്യുകയും ചെയ്തത് ഒരേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെയാണ്).

## 3-2 ഫോം വർക്ക് (സെൻട്രിംഗ് & ഷെട്ടറിംഗ്) ചെയ്യാതെ കോൺക്രീറ്റ് ചെയ്തു -കരാറുകാർക്ക് അധികം നൽകിയത് 80,396 രൂപ

അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്തതിന് Mord-ഒബ്സേർവ്ഡ് ഡാറ്റ 75.8.1 പ്രകാരം ഫോം വർക്കുള്ള (സെൻട്രിംഗ് & ഷെട്ടറിംഗ്) കോൺക്രീറ്റിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ 13.11.2023-ന് പഞ്ചായത്തിലെ അസി.എഞ്ചിനീയറുടെ സാനിധ്യത്തിൽ പ്രവൃത്തികളുടെ സൈറ്റ് പരിശോധിച്ചതിൽ ഫോം വർക്ക് (സെൻട്രിംഗ് & ഷെട്ടറിംഗ്) ചെയ്യാതെയാണ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ പ്രവൃത്തികൾക്ക് ഫോം വർക്ക് ഇല്ലാത്ത ഇനത്തിനു ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടത്. അപാകത മൂലം 80,396/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1).മണ്ണാൻമാർ റോഡ് റീ കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്റ്റ് | S0195/23 |
| അടങ്കൽ/ ചെലവ് | 2,67,000/197067 - MG (R) |
| ടി എസ് | 71104/10.10.2022 (Cost Index 36.44% DsoR 2018) |
| Est. No | 71104/2022 |

| | | |
|---|---|---|
| കരാർ | 03/AE/8.12.22 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501445162/23.3.23 | |
| കരാറുകാരൻ | ശ്രീ. അനീഷ്. AV | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 167005.80<br>(27M$^3$*6185.40/M$^3$)<br>(8358.30/M$^3$ - 25.997% (Tender Below) = 6185.40/M$^3$) | 160582.23<br>(27 M$^3$*5947.49/M$^3$)<br>(8036.83/M$^3$ -25.997% (Tender Below) = 5947.49/M$^3$) | 7580<br>[6423.57 + 18% GST] |

2).അറഫ റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | SO242/23 | |
| അടങ്കൽ/ ചെലവ് | 1,57,000/170543 (Tender Excess) - MG (R) | |
| ടി എസ് | 5795/1.2.2023 (Cost Index 36.44% DsoR 2018) | |
| Est. No | 5795/2022 | |
| കരാർ | 14/AE/7.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501469684/25.3.23 | |
| കരാറുകാരൻ | ശ്രീ. ഉസ്മാൻ. MV | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 144527.79<br>(15.863M$^3$*9111/M$^3$)<br>(8358.30/M$^3$ + 9.005%(Tender Excess) = 9111/M$^3$) | 138968.44<br>(15.863M$^3$*8760.54/M$^3$)<br>(8036.83/M$^3$ + 9.005% (Tender Excess) = 8760.54/M$^3$) | 6560<br>[5559.35 + 18% GST] |

3).പുന്നക്കൽ അയിനിച്ചോട് ലിങ്ക് റോഡ് കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്റ്റ് | SO245/23 |
| അടങ്കൽ/ ചെലവ് | 3,60,000/388218 (Tender Excess) - MG (R) |
| ടി എസ് | 5806/1.2.2023 (Cost Index 36.44% DsoR 2018) |
| Est. No | 5806/2022 |
| കരാർ | 20/AE/15.3.23 (E Tender) |
| എം ബുക്ക് | E Mbook |
| BRN | 22151252036501457915/24.3.23 |

| | | |
|---|---|---|
| കരാറുകാരൻ | ശ്രീ. രാഗിനാഥ്. VG | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 328997.70<br>(36.450M$^3$*9026/M$^3$)<br>(8358.30/M$^3$ + 7.9884%(Tender Excess) = 9026/m3) | 316343.71<br>(36.450M$^3$*8678.84/M$^3$)<br>(8036.83/M$^3$ + 7.9884% (Tender Excess) = 8678.84/m3) | 14932<br>[12653.99 + 18 % GST] |

4).ബേബിപ്പടി മഞ്ചേരിതാഴം റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | S0252/23 | |
| അടങ്കൽ/ ചെലവ് | 641000/641000 (Tender Excess) - MG (R) | |
| ടി എസ് | 5818/1.2.2023 (Cost Index 36.44% DsoR 2018) | |
| Est. No | 5818/2022 | |
| കരാർ | 18/AE/7.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501469716/25.3.23 | |
| കരാറുകാരൻ | ശ്രീ. അനിൽകുമാർ | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 551400<br>(60M$^3$*9190/M$^3$)<br>(8358.30/M$^3$ + 9.950%(Tender Excess) = 9190/M$^3$) | 530189<br>(60M$^3$*8836.49/M$^3$)<br>(8036.83/M$^3$ + 9.950% (Tender Excess) = 8836.49/M$^3$) | 25029<br>[21211 + 18% GST] |

5).സഫാരി റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | S0253/23 | |
| അടങ്കൽ/ ചെലവ് | 1,13,000/113000 (Tender Excess) - MG (R) | |
| ടി എസ് | 5819/31.1.2023 (Cost Index 36.44% DsoR 2018) | |
| Est. No | 5819/2022 | |
| കരാർ | 17/AE/7.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501469707/25.3.23 | |
| കരാറുകാരൻ | ശ്രീ. ഉസ്മാൻ. MV | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 104038.51<br>(11.419M$^3$*9111/M$^3$)<br>(8358.30/M$^3$ + 9.005%(Tender | 100036.60<br>(11.419 M$^3$*8760.54/M$^3$)<br>(8036.83/M$^3$ + 9.005% (Tender Excess) = | 4722<br>[4001.91 + 18 %GST] |

| | | |
|---|---|---|
| Excess) = 9111/m3) | 8760.54/m3) | |

6).ചേലക്കടവ് മാറങ്ങാട്ടയിൽ റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | SO258/23 | |
| അടങ്കൽ/ ചെലവ് | 2,10,000/212517 (Tender Excess) - MG (R) | |
| ടി എസ് | 5830/30.1.2023 (Cost Index 36.44% DsoR 2018) | |
| Est. No | 5830/2022 | |
| കരാർ | 15/AE/7.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501469693/25.3.23 | |
| കരാറുകാരൻ | ശ്രീ. ഉസ്മാൻ. MV | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 183131.10<br>(20.100M$^3$*9111/M$^3$)<br>(8358.30/M$^3$ + 9.005% (Tender Excess) = 9111/M$^3$) | 176086.85<br>(20.100 M$^3$*8760.54/M$^3$)<br>(8036.83/M$^3$ + 9.005% (Tender Excess) = 8760.54/M$^3$) | 8312<br>[7044.25 + 18% GST] |

6).അത്താണി കട്ടക്കുഴി റോഡ് കോൺക്രീറ്റ്

| | | |
|---|---|---|
| പ്രോജക്റ്റ് | SO255/23 | |
| അടങ്കൽ/ ചെലവ് | 2,57,000/257000 (Tender Excess) - MG (R) | |
| ടി എസ് | 5825/31.1.2023 (Cost Index 36.44% DsoR 2018) | |
| Est. No | 5825/2022 | |
| കരാർ | 19/AE/14.3.23 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 22151252036501527748/28.3.23 | |
| കരാറുകാരൻ | ശ്രീ. ഷാജിൽ. MS | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 140802.71<br>(15.343M$^3$*9177/M$^3$)<br>25.487 M$^3$-10.144 M$^3$( ഷട്ടറിംഗ് ചെയ്ത ഭാഗം) =15.343M$^3$)<br>(8358.30/M$^3$ + 9.795% (Tender Excess) = 9177/M$^3$) | 135387.09<br>(15.343 M$^3$*8824.03/M$^3$)<br>(8036.83/M$^3$ + 9.795% (Tender Excess) = 8824.03/M$^3$) | 6390<br>[5415.62 + 18% GST] |

7).അബ്ദുൾ കലാം റോഡ് കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്റ്റ് | SO146/23 |

| | | |
|---|---|---|
| അടങ്കൽ/ ചെലവ് | 2,11,000/178643 - MG (R) | |
| ടി എസ് | 38972/10.10.2022 (Cost Index 36.44% DsoR 2018) | |
| Est. No | 38972/2022 | |
| കരാർ | 02/AE/30.11.22 (E Tender) | |
| എം ബുക്ക് | E Mbook | |
| BRN | 2215125203650108O803/23.1.23 | |
| കരാറുകാരൻ | ശ്രീ. അനിൽകുമാർ | |
| അധിക ചെലവിന്റെ വിവരം | | |
| നൽകിയ തുക | നൽകാവുന്ന തുക | അധികം |
| 151392.28<br>(21.368$M^3$*7085/$M^3$)<br>(8358.30/$M^3$ – 15.234% (Tender Below) = 7085/$M^3$) | 145569.28<br>(21.368$M^3$*6812.49/$M^3$)<br>(8036.83/$M^3$ -15.234% (Tender Below) = 6812.49/$M^3$) | 6871<br>[5823 + 18 %GST] |

പ്രവൃത്തികളിൽ അധികമായി കരാറുകാർക്ക് അനുവദിച്ച തുക 80,396 രൂപ

പ്രവൃത്തികളിൽ **80,396** രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/14.11.23) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിലുണ്ടായ നഷ്ടം **80,396** രൂപ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 അംഗൻവാടികൾക്ക് വാട്ടർ ഫിൽറ്റർ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ- 184/23 അംഗൻവാടികൾക്ക് വാട്ടർ ഫിൽറ്റർ

നിർവ്വഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ-1,10,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നമ്പർ - XVFC/2022-23/P/32/23.03.23 ₹1,08,579/-

മേൽ പദ്ധതി പ്രകാരം ടെണ്ടർ നടപടിക്രമത്തിലൂടെ നന്നമുക്ക് ഗ്രാമ പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലേക്ക് വാട്ടർ ഫിൽറ്റർ വാങ്ങുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണം നടത്തിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1)ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം വരുത്തിയ ഭേദഗതികൾ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ(ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.എന്നാൽ GeM ൽ നിന്നും വാങ്ങാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെയാണ് സിഡ്കൊ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ 1,08,579/-രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.( ഇൻവോയ്സ് നമ്പർ KKD/22-23/218-17.02.2023 ₹1,08,579/-)

2) വാട്ടർ ഫിൽറ്ററുകൾ വാങ്ങുന്നതിന് തീയതി രേഖപ്പെടുത്താത്ത എ2888/2023 നമ്പർ ബിഡ് പരസ്യ പ്രകാരം അംഗീകൃത ഡീലർ/ഗവ.അംഗീകൃത സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ബിഡുകൾ(ഓരോ ഇനത്തിനും ജി.എസ്.ടി. ഉൾപ്പെടെയുള്ള യൂണിറ്റ് കോസ്റ്റ് ) സമർപ്പിക്കുന്നതിനാണ് ആവശ്യപ്പെട്ടത്. 6 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു. 'ടെണ്ടർ പരസ്യത്തിൽ നൽകിയ സ്പെസിഫിക്കേഷൻ പ്രകാരം ആയതിൽ ഏറ്റവും കുറവ് തുക (11490/-) രേഖപ്പെടുത്തിയിട്ടുള്ളത് AXIOM AQUA SOLUTIONS എന്ന സ്ഥാപനമാണ്. എന്നാൽ 05.01.2023 ലെ ഗ്രാമ

പഞ്ചായത്ത് ഭരണ സമിതിയുടെ 4(3) തീരുമാനത്തിൽ 6 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത (₹12064/-) അക്രഡിറ്റഡ് ഏജൻസിയുടെ ടെണ്ടർ (SIDCO SALES EMPORIUM ₹12064/-) അംഗീകരിച്ചത്. ആയത് പ്രകാരം 9 വാട്ടർ ഫിൽറ്റർ വാങ്ങുന്നതിന് ഒരെണ്ണത്തിന് 12064/- രൂപ നിരക്കിൽ ആകെ ₹1,08,579/- ചെലവഴിച്ചു.(ഇൻവോയ്സ് നമ്പർKKD/22-23/218-17.02.2023 ₹1,08,579/-) ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന് വ്യക്തമായ കാരണങ്ങളോ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനങ്ങളോ ഫയലിൽ ലഭ്യമല്ല. ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിൽ ഒരെണ്ണത്തിന് 11490/- രൂപ നിരക്കിൽ ആകെ 103410 രൂപ മാത്രമാണ് ഈ ഇനത്തിൽ ചെലവ് വരുമായിരുന്നത്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിക്കാതെ, കൂടിയ തുക ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ച് പർചേസ് നടത്തിയതിനാൽ ഈ ഇനത്തിൽ 5169/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

3)വാട്ടർ ഫിൽറ്ററുകൾ ഇൻസ്റ്റാൾ ചെയ്തതിന്റെ വിശദാംശങ്ങൾ(ഏതെല്ലാം അംഗൻവാടികളിലാണ് ) , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് രേഖകൾ/മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നടപടിക്രമത്തിലെ വീഴ്ചമൂലമുള്ള 5169/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| **വിഹിതം നൽകിയ സ്ഥാപനം** | **ലഭിച്ച തുക (₹)** | **പദ്ധതി നം, പേര്** | **ചെലവഴിച്ച തുക (₹)** | **നീക്കിയിരിപ്പ് (₹)** |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 340000 | 64/23- ലൈഫ് ഭവന പദ്ധതി ജനറൽ 2022-23 | 340000 | 0 |
| | 2025000 | 65/23- ലൈഫ് ഭവന പദ്ധതി എസ് സി പി 2022-23 | 2025000 | 0 |
| | 125000 | 21/23 – അനുപൂരക പോഷകാഹാരം | 125000 | 0 |
| | 335000 | 61/23- ഭിന്നശേഷി സ്കോളർഷിപ്പ് | 335000 | 0 |
| | 400000 | 163/23- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| **ആകെ** | **3225000** | | **3225000** | |
| ജില്ലാ പഞ്ചായത്ത് | 1000000 | 71/23- സമഗ്രനെൽകൃഷി വികസനം | 1000000 | 0 |
| | 360000 | 65/23- ലൈഫ് ഭവന പദ്ധതി എസ് സി പി 2022-23 | 360000 | 0 |
| | 160000 | 61/23- ഭിന്നശേഷി സ്കോളർഷിപ്പ് | 160000 | 0 |
| | 829481 | 111/23- യത്തീംകോളനി റോഡ് റീ ടാറിംഗ് | 829481 | 0 |

| | | | | |
|---|---|---|---|---|
| | 490000 | 93/23- മെറിറ്റോറിയസ് സ്കോളർഷിപ്പ് എസ് സി പി | 490000 | 0 |
| **ആകെ** | **2839481** | | **2839481** | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി ലോൺ | ലഭ്യമല്ല | 16680000 | 1,77,32,000 | 2782571 | | 31629429 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2020-21 | 3-3(2) | 7124/- | ശ്രീമതി. സുലജ , അസി. എൻജിനീയർ | 1220101602/23.08.2022 |
| 2020-21 | 3-2 | 16300 | ശ്രീ.ജയദേവൻ, അസി. എൻജിനീയർ | 1220101545/19.08.2022 |
| 2020-21 | 1-19 | 10552 | പവർ എക്സൽ ഇലക്ട്രോണിക് (പി) കമ്പനി ലി. | 1220103603/03.12.2022-8285<br>1220103604/03.12.2022-997<br>1220103605/03.12.2022-1270 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997 മുതൽ 2001-02 വരെയുള്ള സ്പെഷ്യൽ റിപ്പോർട്ട് | 2 | 2003-04 | 3.10.2.1 | ധനാപഹരണ നഷ്ടം - 36,218.46 രൂപ | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 12 | 2003-04 | 3.10.2.4 | ട്രാക്ടർ വാടക ഈടാക്കിയില്ല, നഷ്ടം – 1,14,240/- രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 18 | 2003-04 | 3.10.2.5 | പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക വീണ്ടും ചെലവഴിച്ചു. നഷ്ടം – 1,51,115/- രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 69 | 2003-04 | 3.10.2.2 | മെതിയന്ത്രം വാങ്ങിയത് പാഴ്ചെലവ് – നഷ്ടം 1,01,882/- രൂപ. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | - | 2003-04 | 3.10.2.6 | ചെലവ് രേഖകൾ ഇല്ല, തടസ്സം – 37,09,786/- രൂപ. | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2(1) | 2016-17 | - | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2(2) | 2016-17 | - | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | ചാർജ് /സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (₹) (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (₹) (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക (₹) | അവശേഷിക്കുന്ന തുക/ ബാധ്യത (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നമ്പരും തീയതിയും | തുക (₹) | | | ഉൾപ്പെട്ട തുക (₹) | ഈടാക്കിയ തുക (₹) | | | |
| 1997-98 To 2001-02 | 47 | കെ.വി വിസ്ഡ്യൻ സെക്രട്ടറി | LF6068/Spl Cell/Sc5 /05/5.1.09 | 2,400 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | 2,400 | WP(C)13888/ 09/ തിയതി 21.05.09 |
| 97-98 To 2001-02 | 12 | കെ.വി വിസ്ഡ്യൻ സെക്രട്ടറി | LF 6068/ Spl.cell/ SC5/05 16.10.08/ 24.10.08 | 1,14,240 | - | - | - | - | - | 1,14,240 | WP(C)13888/ 09/ തിയതി 21.05.09 |
| 97-98 To 2001-02 | 70(2) 73(5) 73(7) 86(1),(2) 100(1), 101(2) 103(3) 107(2) 108 & 130 | കെ.വി വിസ്ഡ്യൻ സെക്രട്ടറി | LF 6068/ Spl.cell/ SC5/05 16.10.08/ 24.10.08 | 67,294 | - | - | - | - | - | 67,294 | WP(C)13888/ 09/ തിയതി 21.05.09 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

**(എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 176639833 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 162759778 |
| വരവിനങ്ങളിലുള്ള നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | **184325** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 1071304 |

കുറിപ്പ് :- വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിലെ വരവ് ചെലവ് തുകകളോടൊപ്പം, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ ഗ്രാന്റ് ഇനങ്ങളുടെ ട്രഷറി മുഖേനയുള്ള തുകകൾ, സേവന പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവ കൂടി ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 98760 | ശ്രീ. ജയദേവൻ. പി. എൻ. ,അസി.എഞ്ചിനീയർ- 49380<br>ശ്രീ.അജയ് കുമാർ.പി അസി.എക്സി.എഞ്ചിനീയർ- 49380 |
| 3-2 | | 80396 | ശ്രീ. ജയദേവൻ. പി. എൻ. ,അസി.എഞ്ചിനീയർ - 40198<br>ശ്രീ. അജയ് കുമാർ.പി അസി.എക്സി.എഞ്ചിനീയർ - 40198 |
| 3-3 | | 5169 | ശ്രീമതി. ഫാത്തിമ ഷംന .കെ.വി ICDS സൂപ്പർവൈസർ |
| **ആകെ** | | **184325** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 957304 | ശ്രീമതി. ജയശ്രീ. കെ. എ. , ഹെഡ്മിസ്ട്രസ് |
| 1-16 | 114000 | ശ്രീമതി. ജയശ്രീ. കെ. എ. , ഹെഡ്മിസ്ട്രസ് |
| **ആകെ** | 1071304 | |

**(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയദേവൻ. പി. എൻ<br>അസി. എഞ്ചിനീയർ, | അസി. എഞ്ചിനീയർ,<br>നന്നംമുക്ക് ഗ്രാമപഞ്ചായത്ത്<br>മലപ്പുറം ജില്ല | പന്നിക്കാട്ട് വടക്കേതിൽ<br>ഹൗസ്,<br>മൂക്കുതല പി. ഒ<br>മലപ്പുറം - 679574 |
| ശ്രീ.അജയ് കുമാർ.പി<br>അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ<br>സബ് ഡിവിഷൻ<br>പെരുമ്പടപ്പ്<br>ബ്ലോക്ക്പഞ്ചായത്ത് | സൗപർണ്ണിക -CRAC<br>PORT-24,<br>തെക്കേവിള പി. ഒ<br>കൊല്ലം - 679574 |
| ശ്രീമതി. ഫാത്തിമ ഷംന<br>.കെ.വി<br>ICDS സൂപ്പർവൈസർ | നന്നംമുക്ക് ഗ്രാ.പ<br>ICDS സൂപ്പർവൈസർ | കുരിമണ്ണിൽ വലിയമണ്ണിൽ<br>ആനക്കയം<br>മലപ്പുറം- 676509 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.എം.14/890/01 തിയ്യതി: 06.07.2002 | 9 |
| 1997-98 മുതൽ<br>2001-02 വരെ<br>(സ്പെഷ്യൽ<br>റിപ്പോർട്ട്) | എൽ.എഫ്.എം.4/1128/03 തിയ്യതി: 03.01.2004 | 88 |
| 2002-03 | എൽ.എഫ്.എം.15/2299/08 തിയ്യതി: 29.5.2009 | 4 |
| 2003-04 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 26 |
| 2004-05 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 21 |
| 2005-06 | എൽ.എഫ്.എം.15/790/2010 തിയ്യതി: 10.07.2012 | 6 |
| 2006-07 | എൽ.എഫ്.എം.15/791/10 തിയ്യതി: 20.06.2012 | 13 |
| 2007-08 | എൽ.എഫ്.എം.18/669/2011 തിയ്യതി: 18.02.2012 | 18 |
| 2008-09 | എൽ.എഫ്.എം.18/669/2011 തിയ്യതി: 25.12.2012 | 7 |
| 2009-10<br>2010-11 | എൽ.എഫ്.എം.24/247/14 തിയ്യതി: 05.12.2014 | 10 |
| 2011-12, 2012-13 | എൽ.എഫ്.എം.24/2163/14 തിയ്യതി: 23-09-2016 | 25 |
| 2013-14,2014-15 | നം .കെ.എസ്.എ.എം.പി.എം.24/1924/2016 തീയ്യതി 05/08/2016 | 13 |
| 2015-16 | കെ.എസ്.എ.എം.പി.എം.24/54/2017 തീയതി.07.02.2017 | 25 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.16/2219/2017<br>തീയതി.13.11.2017 | 17 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.16/1283/2018<br>തീയതി.03.07.18 | 8 |

| | | |
|---|---|---|
| 2018-19 | നം.കെ.എസ്.എ.എം.പി.എം.16/227/20 തീയതി 11.5.20 | 16 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.16/567/21 തീയതി 27.3.21 | 32 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം.16/1490/2022 തീ. 18.04.2023 | 7 |
| 2021-22 | നം.കെ.എസ്.എ.എം.പി.എം.16/510/2023 തീ. 08.08.2023 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

എം.എ.12/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6 dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Nannamukku Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nannamukku Grama Panchayat for the year 2022-2023

**Date: 21/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Nannamukku Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts), 2011 are not submitted for audit.

a.Ratios

b.Notes on accounts

c. Comparative amounts of previous year.

2.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. A few figures in annual financial statements are not recorded in whole numbers in accordance with accounting rules.

4. AFS and ACR do not match .
5. SBI(A/c no.5700668648) and Indian Bank (A/c No. Padna Likhna Abhiyan) Â(7166196753) are recorded as credit balance.
6. Property tax demand, collection and balance as per Sanchaya DCB form not matching with AFS.
7. The arrear colletion of Profession Tax Institution is recorded as -ve balance.
8. Rs. 331503/- directly debited by bank on 31.03.2021 in the reconciliation statement of SBI (A/C no. 57006636946) has not been adjusted till date.
9. Rs. 657406 /- in Cash or Cheque withdrawal and Rs. 1185358/- in Cash or Cheque deposited in the reconciliation statement of SBI (A/C no. 57006636946) remain to be adjusted.
10. As per the Reconciliation Statement of SBI (A/C no. 57006636946) holding own funds, the cheque issued by the institution more than 3 months old (Rs. **1137766/-**) are not transferred to the Stale Cheque Account.
11. As per Reconciliation Statement of SBI (A/C no. 57006636946) holding own funds, from 07.01.2021 the amounts directly credited to the bank **(4063829/-)** have not been taken into account by ensuring that they belong to the institution.
12 As per Reconciliation Statement of SBI (A/C no. 57006636946) , as on 31.03.21 Rs.64342/- is seen in Cheque Deposited But Not Cleared item.
13. Loan Register and Audit Recovery Register are not submitted for audit. As the abstract was not recorded in Advance register and Deposit Register are not reliable for audit.
14. Lapses in making timely and accurate demand entries in respect of tax and non tax revenue
15.The calculation sheet for depreciation of fixed assets is not submitted for audit.
16.The following Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant amount.

| Item | B-4 | B-17 |
|---|---|---|
| TSC | 212973 | 362570 |
| CFC | 8408486 (TIED + UNTIED) | 5057111 |

17. The following bank statements are not submitted for audit

| Sl NO | Account Name | CB as per RP 40(b) | Pass book balance as per reconciliation statement | Remarks |
|---|---|---|---|---|
| 1 | HDFC-CFLTC (50100365635766) | 5348 | 5348 | |
| 2 | KGB TSC (40169100114144) | 362570 | 362570 | |
| 3 | Federal Bank -CFC PFMS -(15560100132527) | 5057111 | 5584770 | |
| 4 | SBI (5700668648) | -449573 | | bank statements and reconciliation statement are not |

| | | | | |
|---|---|---|---|---|
| | | | | submitted for audit |
| 5 | INDIAN BANK (7166196753) | -29154 | | bank statements and reconciliation statement are not submitted for audit |

18. The amount left to spend in the beneficiary's contribution does not match the AFS.
19. The expenditure of unemployment wage not included in AFS (I-14d).

## അനുബന്ധം–2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്